കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഷൊർണ്ണൂർ നഗരസഭ

2015-16

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി22/156/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

പാലക്കാട് ജില്ല, തീയതി – 13.02.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൻ (സെക്രട്ടറി മുഖേന)

ഷൊർണ്ണൂർ നഗരസഭ

സർ,

വിഷയം : ഷൊർണ്ണൂർ നഗരസഭ -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷൊർണ്ണൂർ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭാകൗൺസിൽ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. റീജിണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കോഴിക്കോട്

3. കാര്യാലയ പകർപ്പ്നം.

കെ.എസ്.എ-പികെഡി22/156/2017 തീയതി-13.02.2017

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. മുനിസിപ്പാലിറ്റി 08.03.16 മുതൽ 31.12.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ(1994 ലെ കേരളാ നഗരപാലികാ നിയമം 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്) റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : കെ.കൃഷ്ണകുമാർ.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 03.01.2017 മുതൽ 17.01.2017 വരെ

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |
| കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| സുസ്മിത.കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| എ.സുജാത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| രാജേശ്വരി.സി. | ഓഡിറ്റർ |

നിർവഹണ അധികാരികൾ

| | | |
|---|---|---|
| ചെയർ പേഴ്സൺ | ശ്രീമതി.വി.വിമല | 1.4.15 മുതൽ 30.10.15 വരെ |
| | ഭരണനിർവഹണ കമ്മിറ്റി | 1.11.15 മുതൽ 11.11.15 വരെ |
| | ശ്രീ.കൃഷ്ണദാസ്.എസ് | 11.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ.സജി.എൽ.എസ്. | 1.4.15 മുതൽ 31.3.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ബാലസുബ്രഹ്മണ്യൻ.വി.സി. | 1-4-2015 മുതൽ 6-5-2015 വരെ |
| | ശ്രീ.ഗോപകുമാർ | 7-5-2015 മുതൽ 13-5-2015 വരെ |
| | ശ്രീ.ജയകുമാർ | 14-5-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.വി.ഗോവിന്ദരാജ് | 1-4-2015 മുതൽ 31-3-2016 വരെ |
| പ്രൊജക്ട് ഓഫീസർ സി.ഡി.എസ് | ശ്രീ.റഫീഖ്. സി | 1-4-2015 മുതൽ 17-7-2015 വരെ |
| | ശ്രീ.രാധാകൃഷ്ണൻ | 17-7-2015 മുതൽ 1.9.15 വരെ |
| | ശ്രീ.അബ്ദുൽ നാസർ.സി.കെ | 1-9-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| എസ്.സി.ഡി.ഒ | ശ്രീ.വേലായുധൻ.സി | 1-4-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീ.ശ്രീജ.പി.എം. | 1-4-2015 മുതൽ 31-3-2016 വരെ |
| മുൻസിപ്പൽ എഞ്ചിനിയർ | ശ്രീ.മധുസൂദനൻ നായർ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ- ഗവ. ഹോസ്പിറ്റൽ | ഡോ.ജോർജ് മരിയൻ കുറ്റിക്കാട്ട്. | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ISM | ഡോ.സുമി പൗലോസ് | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്റിനറി സർജൻ | ഡോ.പി.അബ്ദുൾ ഷുക്കൂർ | 1-4-2015 മുതൽ 13-5-2015 വരെ |
| പ്രിൻസിപ്പൽ. ജി.എച്ച്.എസ്.എസ് | ശ്രീ.മുത്തലീഫ്.എ. | 1-4-2015 മുതൽ 31-3-2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 29-2-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് (മുന്നിരിപ്പ് 108580153 രൂപ ഉൾപ്പെടെ )1100564178 രൂപയും ചെലവ് 1337882860 രൂപയുമാണ്. നീക്കിയിരിപ്പ് 122513660 /- രൂപയാണ്.
28.11.15 മുതലുള്ള കൗൺസിൽ മിനുട്സ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. 1.1.16 മുതലുള്ള മിനുട്സ് നഗരസഭയിലുണ്ടായ അഗ്നിബാധയിൽ നഷ്ടപ്പെട്ടതായി അറിയിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|---|

| | | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 22-8-2016 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 108580152.53 |
| വരവ് | 122269361 |
| ആകെ | 230849513.53 |
| ചെലവ് | 167160113 |
| നീക്കിയിരിപ്പ് | 63689400.53 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ച തുക (TC) | തൻ വർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് (RP 40b) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 19305952 | 24567371 | 0 | 43873323 | 28228178 | 15645145 | 0 |
| | Consolidated fund allotment | | 26283055 | 26283055 | 0 | 26283055 | 0 |
| വികസന ഫണ്ട് എസ്.സി.പി | 8951575 | 0 | 0 | 8951575 | 8951575 | - | 0 |
| | Consolidated fund allotment | | 29469427 | 29469427 | 13236124 | 16233303 | 0 |
| സംരക്ഷണ | 4455762 | 0 | 0 | 4455762 | 4455762 | - | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ് റോഡ് | Conso lidated fund allot ment | 0 | 14138000 | 14138000 | 11175633 | 2962367 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2494737 | 0 | 0 | 2494737 | 2494737 | 0 | 0 |
| | Conso lidated fund allot ment | 0 | 7458000 | 7458000 | 1779173 | 5678827 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10915032 | 0 | 12284772 | 23199804 | 23199804 | 0 | |
| | Conso lidated fund allo tment | 0 | 25311434 | 25311434 | 7040924 | 18270510 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 5969637 | 0 | - | 5969637 | 5969637 (TC) | 0 | 0 |
| | Conso lidated fund allo tment | | 5969637 | 5969637 | 104675 | 5864962 | 0 |

Transfer Credit to plan (GL) From

13 F.C - 16070308

scp - 2527426

world bank –5969637

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2015-16 | 236 | 152523509 | 185 | 82168851 | 51 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 78 % പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 54 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ലഭ്യമായ പദ്ധതിഫണ്ട് വിനിയോഗിക്കുന്നതിലും ആവിഷ്കരിച്ച പദ്ധതികൾ

സമയബന്ധിതമായി നടപ്പിലാക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1495167 | 25016361 | 23521194 | 15.73 |
| നികുതിയേതര വരവുകൾ | 2945539 | 14711000 | 11765461 | 3.99 |
| മറ്റിനം | 32348931 | 53728 | -32295203 | 100 |
| ആകെ വരവുകൾ | 36789637 | 39781089 | 2991452 | 8 |

# 1-8 സാമൂഹ്യക്ഷേമപെൻഷൻ

തൻവർഷം ലഭിച്ച പെൻഷൻ അപേക്ഷകളിൽ 40-60 ദിവസത്തിനകം തീരുമാനമെടുത്തിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | സമയപരിധി കഴിഞ്ഞ് തീരുമാനമെടുത്തവ |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 3 | - | 3 |
| 2 | വിധവാ പെൻഷൻ | 147 | 141 | 5 | 1 |
| 3 | വികലാംഗ പെൻഷൻ | 26 | 25 | 1 | - |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 28 | 27 | 1 | - |
| 5 | വാർദ്ധക്യകാല പെൻഷൻ | 517 | 498 | 11 | 8 |

ലഭ്യമായ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ 2 മാസത്തിലധികം കാലതാമസം ഉണ്ടാകുന്നുണ്ട്. പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-9 കാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-1-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48690 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ഫണ്ടുകളുടെ വകമാറ്റൽ

നഗരസഭയ്ക്ക് ലഭ്യമായ പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകമാറ്റി ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ ഭാഗം 3 ലെ പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-11 തെരുവുവിളക്കുകളുടെ പരിപാലനം/വൈദ്യുതി ചാർജ്ജ്

തെരുവ് വിളക്കുകളുടെ വൈദ്യുതചാർജിനത്തിൽ നഗരസഭ പ്രതിമാസം 268492 രൂപ വീതം വൈദ്യുതബോർഡിൽ ഒടുക്കുന്നുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വിവരങ്ങളൊന്നും നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

# 1-12 കുടിവെള്ള പദ്ധതികളുടെ വിവരം

നഗരസഭ നേരിട്ട് കുടിവെള്ള പദ്ധതികളൊന്നും നടത്തുന്നില്ല.നഗരസഭയുടെ ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച എല്ലാ പദ്ധതികളും ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുണ്ട്.

# 1-13 പൊതു ടാപ്പുകളുടെ വിവരം

നഗരസഭയിൽ ജല അതോറിറ്റിയുടെ 840 പൊതുടാപ്പുകൾ നിലവിലുണ്ട്. നാളിതുവരെ 55647753 രൂപ വെള്ളക്കരമിനത്തിൽ കുടിശ്ശിക ഒടുക്കുവാനുണ്ട്.

# 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/16 | 4/15-3/16 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 10/2009 | 2004-2005 | LBA-HQ-IV/8A-922/2009-10 /227/9.1.2009 |

# 1-15 പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 32.33 ച.കി.മീ |
| വാർഡുകൾ | 33 |

| | |
|---|---|
| ജനസംഖ്യ | 43528 |
| സ്ത്രീ | 22773 |
| പുരുഷൻ | 20755 |
| നിയമസഭാ മണ്ഡലം | ഷൊർണ്ണൂർ |
| ലോകസഭാ മണ്ഡലം | പാലക്കാട് |
| താലൂക്ക് | ഒറ്റപ്പാലം |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 15.03.2013 ലെ സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ എന്നിവ പ്രകാരം മുനിസിപ്പാലിറ്റികൾ വസ്തു നികുതി പുനർ നിർണയം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ [പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ, വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ] തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിക്കാനും വ്യവസ്ഥചെയ്യുന്നുണ്ട്. ചട്ടങ്ങൾ പ്രകാരം നഗരസഭാ പരിധിയിലെ പ്രദേശങ്ങളെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിക്കുകയും ഓരോ മേഖലകളിലും നിഷ്കർഷിച്ച നിരക്കിൽ, തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയും വേണമെന്ന് നിബന്ധനയുണ്ട്. എന്നാൽ ചട്ടങ്ങൾ പാലിച്ച് പഴയ കെട്ടിടങ്ങളിൽ നിന്നും പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനായി നഗരസഭയിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഇത് കാരണം യഥാസമയം നഗരസഭയ്ക്ക് ലഭിക്കേണ്ട നിയമാനുസൃത നികുതി തുക നഷ്ടപ്പെടുത്തുന്നതിന് നഗരസഭാ അധികാരികൾ തന്നെ സാഹചര്യങ്ങൾ സൃഷ്ടിച്ചു.

നഗരസഭാ പരിധിയിലുള്ള 18602 കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ടെങ്കിലും, 9338 കെട്ടിടങ്ങൾക്കു മാത്രമാണ് ഫോം 6 പ്രകാരമുള്ള വിവരങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 9264 കെട്ടിടങ്ങളുടെ ഫോം 6 എൻട്രി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

നഗരസഭാ കൗൺസിലിന്റെ 21-4-2012 ലെ 14ാം നമ്പർ തീരുമാനം, 16-6-2012 ലെ 1ാം നമ്പർ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ നികുതി നിർണയിച്ച് നൽകിയ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുണ്ട്. എന്നാൽ പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം നാളിതുവരെ നടപ്പാക്കിയിട്ടില്ല. 15.03.2013 ലെ സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും

സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ നിലവിൽ വരുകയും ആയതിന് 2013 ഏപ്രിൽ 1 മുതൽ പ്രാബല്യമുള്ളതുമാണ്.

വസ്തുനികുതി പരിഷ്കരണം ഫയൽ പരിശോധിച്ചതിൽ (ഫയൽ നമ്പർ R1- 3610/11) വസ്തുനികുതി പരിഷ്കരണം നടപ്പാക്കാൻ നടപടി ആരംഭിച്ചെങ്കിലും പരിഷ്കരണം നിർത്തിവയ്ക്കുകയാണുണ്ടായത്. 21-7-2012 ന് വസ്തുനികുതി പരിഷ്കരണത്തിന്റെ അന്തിമ വിജ്ഞാപനം പ്രമുഖ പത്രങ്ങളിലൂടെ പരസ്യപ്പെടുത്തുകയും, നഗരസഭാ സെക്രട്ടറിയുടെ വിവിധ ഉത്തരവുകൾ മുഖേന വാർഡുകളിൽ നമ്പർ പ്ലേറ്റ് പതിക്കലിനും അനുബന്ധ ജോലികൾക്കുമായി കുടുംബശ്രീ പ്രവർത്തകർ, നഗരസഭാ ജീവനക്കാർ എന്നിവരെ ചുമതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഷൊർണൂർ നഗരസഭയിൽ കുടുംബശ്രീ മുഖേന ഏകീകരിച്ച രീതിയിൽ നമ്പർ പ്ലേറ്റുകൾ പതിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടുള്ള വിവരം സെക്രട്ടറിയുടെ 28-11-2013 ലെ ആർ1/3610/2011 നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുള്ളതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ വസ്തുനികുതി പരിഷ്കരണത്തിന്റെ തുടർ നടപടികളുടെ യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകികൊണ്ടുള്ള സ.ഉ (എം.എസ്) 144/15/തസ്വഭവ തി. 27.4.15 സർക്കാർ ഉത്തരവ് നിലനിൽക്കെ നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗമായ വസ്തുനികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കുന്നതിന് ഫലപ്രദമായ നടപടി നഗരസഭ സ്വീകരിയ്ക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിര നടപടികൾ പൂർത്തികരിക്കുന്നതാണ് എന്ന വിവരം അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല</u>

2015-16 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ തൻ വർഷം 8210478 രൂപയും, കുടിശ്ശികയായി 4735777 രൂപയും വരവുണ്ട്. ഡിമാന്റ്-അരിയർ ഡിമാന്റ് രജിറ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭാ പരിധിയിൽ 13 മൊബൈൽ ടവറുകൾ ഓഡിറ്റ് കാലയളവിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 9 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ പേര് | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | വസ്തു നികുതി കുടിശ്ശിക ഏതു |
|---|---|---|---|---|

| | | | | വർഷം മുതൽ |
|---|---|---|---|---|
| 1 | 7/പറക്കുട്ടിക്കാവ് | VIOM നെറ്റ്വർക്ക് | 2011-12 | 2011-12 |
| 2 | 13/ചുഡുവാലത്തൂർ | ബി.എസ്.എൻ.എൽ | 2010-11 | 2010-11 |
| 3 | 21/ആന്തൂർക്കുന്ന് | ബി.എസ്.എൻ.എൽ | 2007-08 | 2014-15 |
| 4 | 8/ആറാണി | ഐഡിയ | 2009-10 | 2009-10 |
| 5 | 8/ആറാണി | റിലയൻസ് | 2005-06 | 2013-14 |
| 6 | 8/ആറാണി | ഇൻഡസ് ടവർ | 2011-12 | 2015-16 |
| 7 | 15/എസ്.എൻ കോളേജ് റോഡ് | റിലയൻസ് ജിയോ | 2014-15 | 2015-16 (II half) |
| 8 | 18/കണയം | ഇൻഡസ് ടവർ | 2009-10 | 2009-10 |

നഗരസഭയുടെ തനതു വരുമാനത്തിൽ വർദ്ധനവു വരുത്തുന്നതിനായി മൊബൈൽ ടവറുകളുടെ വസ്തുനികുതി 15.03.2013 ലെ സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരമുള്ള കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾക്കനുസൃതമായി പരിഷ്കരിച്ച് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.2, തീയതി-5-1-2017)

## 2-3 നഗരസഭയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല

2015-16 വർഷത്തിൽ നഗരസഭയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വാടക ഈടാക്കിയിട്ടില്ല. വർഷങ്ങളായി ഈ സ്ഥാപനങ്ങൾ വാടക കൂടാതെയാണ് ഈ കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നത്.

| സ്ഥാപനം | റൂം നം. |
|---|---|
| വില്ലേജ് ഓഫീസ് I&II | 8/402 |
| ട്രഷറി | ക്രമനം. 3 കെട്ടിട നം. രേഖപ്പെടുത്തിയിട്ടില്ല |

വാടക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മുൻവർഷങ്ങളിൽ ചെയ്യുന്നത് തുടരുകയാണുണ്ടായതെന്നും ഇക്കാര്യങ്ങൾ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയുടെ ആസ്തികൾ വാടകയ്ക്ക് നൽകുമ്പോൾ നിയമാനുസൃതം കരാർ ചമക്കേണ്ടതും വാടക ഈടാക്കേണ്ടതുമാണ്.

വാടക ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വർഷാന്ത്യത്തിൽ സംക്ഷിപ്തം കൃത്യമായി തയ്യാറാക്കി സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 2-4 ശാന്തിതീരം ശ്മശാനം-നടത്തിപ്പ് ചുമതല നൽകിയതിലെ അപാകങ്ങൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ശാന്തിതീരം ശ്മശാനം നടത്തുന്നതിന് നിയമാനസൃതമായുള്ള ലേലനടപടികൾ സ്വീകരിക്കാതെ 2011 മുതൽ പുഷ്പരാജ്, ഞാലിൽവീട്, ചുഡുവാലത്തൂർ എന്ന വ്യക്തിക്ക് ശ്മശാനം നടത്തിപ്പിന്റെ കുത്തകാവകാശം കാലപരിധിയില്ലാതെ നൽകിയിരിക്കുന്നു. 2013-14 വർഷത്തിൽ 3 വർഷത്തെ കാലാവധി കഴിഞ്ഞതിനാൽ 21.2.2014 ലെ 26ാം നം. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1.4.2014 മുതൽ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ 100 രൂപ നഗരസഭയിൽ ഒടുക്കുന്ന രീതിയിൽ അനിശ്ചിതകാലത്തേക്ക് നൽകുന്നതിന് തീരുമാനം എടുത്തിരിക്കുന്നു. നഗരസഭയുടെ കത്ത് നം.പി.എച്ച്.1/1480/06, 25.3.14 പ്രകാരം 3 വർഷത്തിൽക്കൂടുതൽ കാലത്തേക്ക് കുത്തവകാശം നൽകുന്നതിനായി സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചിരിക്കുന്നു. സർക്കാരിൽനിന്ന് ഇത്തരത്തിലൊരു അനുമതി നാളിതുവരെയും ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുന്നതിനുമുമ്പുതന്നെ ലേലനടപടികളൊന്നും സ്വീകരിക്കാതെ ശ്രീ പുഷ്പരാജിന് 1.4.2014 മുതൽ സർക്കാരിൽ നിന്ന് ഇനിയൊരു ഉത്തരവുണ്ടാകുന്നതു വരെ ശാന്തിതീരം ശ്മശാനത്തിന്റെ നടത്തിപ്പ് ചുമതല അനിശ്ചിത കാലത്തേക്ക് അനുവദിച്ചു നൽകുകയാണുണ്ടായത് (ഉത്തരവ് നം.പി.എച്ച്.1/1480 /06,31.3.14).

2013-14 വർഷത്തിൽ ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് 1000 രൂപ പ്രകാരം നഗരസഭയിൽ ഒടുക്കുന്നതിന് ഓഫർ ലഭിച്ചിരുന്നു. ഈ ഓഫർ സ്വീകരിക്കാതെയാണ് ഓരോ മൃതദേഹത്തിനും 100 രൂപ പ്രകാരം നഗരസഭയിൽ ഒടുക്കണമെന്നുള്ള നിരക്ക് നിശ്ചയിച്ച് നൽകിയത്. നഗരസഭയും ശ്മശാനം നടത്തിപ്പിന് ചുമതല നൽകിയിട്ടുള്ള ശ്രീ പുഷ്പരാജനും തമ്മിൽ ചമച്ച എഗ്രിമെന്റിലെ ഇനം അഞ്ചായി രേഖപ്പെടുത്തിയ വ്യവസ്ഥ പ്രകാരം നഗരസഭ നിശ്ചയിച്ച് നൽകുന്ന നിരക്കിൽ മാത്രമേ തുക ഈടാക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനുള്ള നിരക്ക് നഗരസഭ നിശ്ചയിച്ചു നൽകിയിട്ടില്ല. ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് പൊതുജനങ്ങളിൽ നിന്ന് ഈടാക്കി വരുന്ന നിരക്ക് എത്രയാണെന്ന് നഗരസഭക്ക് വ്യക്തതയില്ല. പൊതുജനങ്ങളിൽ നിന്ന് ഈടാക്കേണ്ട തുക നിശ്ചയിച്ചു നൽകാതെ നിയമ വിരുദ്ധമായി ഫീസ് ഈടാക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കിയിരിക്കുന്നു.

കരാറുകാരൻ മൃതദേഹം ദഹിപ്പിക്കുന്നതിന് വാങ്ങുന്ന തുകക്ക് 100 രൂപയുടെ രസീതിയാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. കരാറുകാരനുമായി ചമച്ചിട്ടുള്ള

എഗ്രിമെന്റ് വ്യവസ്ഥയിലെ 3ാം വ്യവസ്ഥ പ്രകാരം സംസ്കരിക്കുന്ന മൃതദേഹങ്ങളുടെ വിശദാംശം രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലൊരു രജിസ്റ്റർ കരാറുകാരൻ സൂക്ഷിച്ചിട്ടില്ല. 2015-16 വർഷത്തിൽ 2112 മൃതദേഹങ്ങൾ സംസ്കരിച്ചതിന് 100രൂപ പ്രകാരം 211200രൂപ നഗരസഭക്ക് ലഭ്യമായിട്ടുമുണ്ട്.

ശ്മശാനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. മാതൃകാ ബൈലോ യുടെ കരട് തയ്യാറാക്കി കൗൺസിലിന്റെ അംഗീകാരത്തിനായി 6.4.16 തീയതിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കൗൺസിലിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ ലേല നടപടികൾ സ്വീകരിക്കാതെ ശ്മശാനത്തിന്റെ നടത്തിപ്പ് ചുമതല വർഷങ്ങളോളം ഒരാൾക്ക് തന്നെ നൽകുന്നത് നിയമലംഘനമാണ്. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതും അടിയന്തിരമായി ലേല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ശ്മശാനത്തിന്റെ നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്).

## 2-5 രശീതി പുസ്തകങ്ങളിൽ ഡബിൾസൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല

നഗരസഭയിലെ രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിവിധ തീയതികളിലായി അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർക്ക് 20 രശീതി പുസ്തകങ്ങൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. രശീതികൾ പ്രകാരം ഉള്ള വരവ് നഗരസഭയിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | രശീതി പുസ്തകം | നഗരസഭയിൽ അടവാക്കിയ തുക | രശീതി നം/ തീയതി |
|---|---|---|---|
| 1 | 233, 234, 235, 236 (രശീതി നം. 11780 വരെ) | 2250 | 11507113167/14-3-16 |
| 2 | 236 (രശീതി നം. 11781 മുതൽ 11800 വരെ), 237 | 875 | 11507113769/28-3-16 |
| 3 | 238, 239, 240, 241, 242 | 18750 | 11507113985/30-3-16 |
| 4 | 272, 273, 274 | 10080 | 11507113069/30-3-16 |

| | | | |
|---|---|---|---|
| 5 | 288, 289 | 6250 | 11607100750/21-4-16 |
| 6 | 290 | 7250 | 11607100797/22-4-16 |
| 7 | 291, 292 | 7060 | 11607101096/29-4-16 |
| 8 | 10, 11 (രശീതി നം. 1016 വരെ) | 8825 | 11607106796/18-10-16 |

സർക്കാർ ഉത്തരവ് നം. ജി.ഒ (പി) 100/2007 തീ.30-3-2007 (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ) ഖണ്ഡിക 18(2) പ്രകാരം നഗരസഭയിൽ നിന്നും ഇഷ്യൂ ചെയ്യുന്ന രശീതി പുസ്തകങ്ങൾ ഉപയോഗിക്കുമ്പോൾ ഡബിൾ സൈഡഡ് കാർബൺ ഷീറ്റ് ഉപയോഗിച്ച് രശീതികൾ എഴുതണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഷൊർണ്ണൂർ കൃഷിഭവനിലെ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ ഉപയോഗിച്ച 20 രശീതി പുസ്തകങ്ങളിലെയും രശീതികൾ ഡബിൾ സൈഡഡ് കാർബൺ ഷീറ്റ് ഇല്ലാതെയാണ് എഴുതിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നം.33 തീയതി- 16-1-2017) ത്തിന് മറുപടി ലഭ്യമായില്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ കൃത്യതയില്ല

സ്റ്റോക്കിലെടുക്കുന്ന രശീതി പുസ്തകങ്ങൾ കാഷ് സെക്ഷനിലേക്കും അവിടെ നിന്നും ആവശ്യാനുസരണം നികുതി പിരിവിനായി ബിൽ കളക്ടർമാർക്കും മറ്റു നിർവ്വഹണോദ്യോഗസ്ഥൻമാർക്കും നൽകുകയാണ് ചെയ്യുന്നത്. ആയതിനാൽ 2 സ്റ്റോക്ക് രജിസ്റ്ററുകൾ നിലവിൽ നഗരസഭയിൽ ഉപയോഗിക്കുന്നുണ്ട്. കാഷിൽ നിന്നും ഇഷ്യൂ ചെയ്യുന്ന രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ മെയിൻ സ്റ്റോക്കിൽ നിന്നുള്ള രശീതി പുസ്തകങ്ങളുടെ വരവ്, ഇഷ്യൂ ചെയ്തതിനു ശേഷമുള്ള നീക്കിയിരിപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തുകളെ അപേക്ഷിച്ച് നഗരസഭകളിൽ മാന്വൽ രശീതികളിലൂടെയുള്ള നികുതി പിരിവും അവ കൈകാര്യം ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും വളരെ കൂടുതലാണ്. ആയതിനാൽ രശീതി പുസ്തകങ്ങളും, സ്റ്റോക്ക് രജിസ്റ്ററും കുറ്റമറ്റ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും ആയതിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-7 വിനോദ നികുതി - അവലോകനം

2015-16 വർഷത്തിൽ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചിട്ടുള്ള 4 തീയേറ്ററുകളിൽ നിന്നുമായി നഗരസഭക്ക് വിനോദനികുതി ഇനത്തിൽ 3930301രൂപയുടെ വരവുണ്ട്. ഷൊർണൂർ നഗരസഭയുടെ തനതു ഫണ്ടിന്റെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന നികുതി ഇനം എന്നതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ലഭ്യമാകുന്ന നികുതിയിൽ വർദ്ധനവുണ്ടാവുന്നതിനും യഥാർത്ഥത്തിൽ ലഭ്യമാകേണ്ട വിനോദനികുതിയുടെ ചോർച്ച തടയുന്നതിനുമായി നഗരസഭയുടെ കാര്യക്ഷമമായ ഇടപെടൽ ആവശ്യമാണ്.

തിയറ്ററുകളുടെ സീറ്റിന്റെ അടിസ്ഥാനത്തിലും ടിക്കറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന ശരാശരി വിനോദ നികുതിയുടെ അടിസ്ഥാനത്തിലും ഓരോ തീയേറ്ററിൽ നിന്നും ഒരു വർഷത്തിൽ പ്രതീക്ഷിക്കാവുന്ന പരമാവധി വിനോദ നികുതിയുടെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| തീയേറ്ററുകൾ | സീറ്റുകളുടെ എണ്ണം (ഫയൽ പ്രകാരം) | | | | ശരാശരി പ്രദർശനങ്ങളുടെ എണ്ണം (ഡി.സി.ആർ പ്രകാരം) | ഒരു ദിവസത്തെ ശരാശരി ടിക്കറ്റുകളുടെ എണ്ണം | ശരാശരി വിനോദനികുതി നിരക്ക് (16. 66%) | ഒരു ദിവസത്തെ പ്രതീക്ഷിത വിനോദനികുതി | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി |
|---|---|---|---|---|---|---|---|---|---|
| | ക്ലാസ് 1 | ക്ലാസ് II | ബാൽക്കണി | ആകെ | | | | | |
| മേളം | 601 | 64 | 240 | 905 | 3 | 2715 | 9 | 24435 | 8918775 |
| സുമ | 623 | 56 | 195 | 874 | 4 | 3496 | 7 | 24472 | 8932280 |
| അനുരാഗ് | 194 | 35 | 400 | 629 | 4 | 2516 | 8 | 20128 | 7346720 |
| ഗീത | 452 | 102 | 284 | 838 | 3 | 2514 | 8 | 20112 | 7340880 |
| ആകെ | | | | | | | | | 32538655 |

*<u>നഗരസഭയുടെ ബജറ്റിൽ കണക്കാക്കിയിരിക്കുന്ന ഡിമാന്റ്, വാർഷിക കണക്ക് അനുസരിച്ചുള്ള ഡിമാന്റ്</u>*

| | വിനോദ നികുതി ഡിമാന്റ് |
|---|---|
| ബജറ്റ് പ്രകാരം | 5400000 |
| വാർഷിക കണക്ക് പ്രകാരം | 3930301 |

*<u>ടിക്കറ്റ് സീൽ ചെയ്തു കൊടുക്കുന്നതിലെ കൃത്യതയും പ്രതീക്ഷിത വിനോദ നികുതിയും യഥാർത്ഥത്തിൽ ലഭ്യമായ വിനോദ നികുതിയും താരതമ്യം ചെയ്യൽ</u>*

| തീയേറ്ററിന്റെ പേര് | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | ഒരു വർഷത്തെ പരമാവധി ടിക്കറ്റുകൾ | സീൽ ചെയ്തു കൊടുത്തത് | വ്യത്യാസം | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി | നഗരസഭയിൽ വരവ് വെച്ച നികുതി | വ്യത്യാസം |
|---|---|---|---|---|---|---|---|
| മേളം | 2715 | 990975 | 324076 | 666899 | 8918775 | 2771362 | 6147413 |
| സുമ | 3496 | 1276040 | 55236 | 1220804 | 8932280 | 398736 | 8533544 |
| അനുരാഗ് | 2516 | 918340 | 81587 | 836753 | 7346720 | 607036 | 6739684 |
| ഗീത | 2514 | 917610 | 20586 | 897024 | 7340880 | 153167 | 7187713 |
| ആകെ | | | | | 32538655 | 3930301 | 28608354 |

***തീയേറ്ററുകളുടെ സീറ്റിംഗ് കപ്പാസിറ്റി, ഓഡിറ്റ് കാലയളവിൽ നഗരസഭയിൽ നിന്നും സീൽ ചെയ്തു നൽകിയ ടിക്കറ്റുകളുടെ എണ്ണം എന്നിവയുടെ താരതമ്യപ്പെടുത്തൽ***

| തിയേറ്റർ | ആകെ സീറ്റ്(year) | ആകെ സീൽ ചെയ്ത ടിക്കറ്റുകൾ | സീൽ ചെയ്ത ടിക്കറ്റുകളുടെ ശതമാനം |
|---|---|---|---|
| മേളം | 990975* | 324076 | 33% |
| സുമ | 1276040 | 55236 | 4% |
| അനുരാഗ് | 918340 | 81587 | 9% |
| ഗീത | 917610 | 20586 | 2% |

* 3 ക്ലാസുകളിലെയും ആകെ സീറ്റുകളുടെ എണ്ണം x 365

***വിവിധ പ്രായോഗിക കാരണങ്ങൾ പരിഗണിച്ചാലും നഗരസഭയ്ക്ക് ലഭ്യമാകാവുന്ന വിനോദ നികുതി***

| ഒരു വർഷത്തിൽ | പ്രതീക്ഷിത വിനോദ നികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദ നികുതി | 32538655 |
| ശരാശരി 50 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 16269327.5 |
| ശരാശരി 25 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 8134663.75 |

| | |
|---|---|
| ശരാശരി 10 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 3253865.5 |

*തീയറ്ററുകളിലെ പരിശോധന*

എല്ലാ മാസവും തീയേറ്റർ ചെക്കിംഗ്, വിജിലൻസ് സ്വാഡ് എന്നീ ഡ്യൂട്ടികൾക്ക് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഓഫീസ് ഉത്തരവ് നൽകുകയും തീയേറ്ററുകളിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

*ഓഡിറ്റ് നിർദ്ദേശങ്ങൾ*

1. തീയേറ്ററുകളുടെ നടത്തിപ്പിൽ The Kerala Cinemas (Regulation) Act 1958, The Kerala Cinemas (Regulation) Rules 1988, The Kerala Local Authorities Entertainment's Tax Act 1961, സർക്കുലർ നം.45979/എഫ്.എം.3/2009/ത.സ്വ.ഭ.വ തീയതി 16-12-2009 എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭാ അധികാരികൾ ഉറപ്പാക്കുന്നതോടൊപ്പം തീയേറ്ററുകളുടെ സുഗമമായ നടത്തിപ്പിനുള്ള നിയമപരമായ എല്ലാ സഹകരണങ്ങളും തീയേറ്റർ ഉടമകൾക്ക് നൽകി തീയേറ്ററുകൾ നിലനിർത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

2. നഗരസഭയിൽ നിന്നും സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളല്ലാതെ മറ്റ് ടിക്കറ്റുകളൊന്നും വിതരണം ചെയ്യുന്നില്ലെന്ന് നഗരസഭ ഉറപ്പാക്കേണ്ടതാണ്.

3. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത ഉറപ്പാക്കുവാൻ മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

4. തിയറ്ററുകളിലെ പരിശോധന കർശനമാക്കി നികുതി ചോർച്ച നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥർക്ക് പരിശോധനാ ചുമതല നൽകേണ്ടതാണ്.

5. നഗരസഭക്ക് സമർപ്പിക്കുന്ന ഡി.സി.ആറിലെ കൃത്യത അതാത് സമയം ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ബജറ്റ്, വാർഷിക കണക്ക് എന്നിവ തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യാഥാർത്ഥ്യ ബോധത്തോടെ കണക്കാക്കേണ്ടതും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുത്തി സാരമായ കുറവ് ബോധ്യപ്പെട്ടാൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

7. തീയേറ്റർ ഉടമകളുടെ യോഗം വിളിച്ചു ചേർത്ത് അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം കൃത്യമായ കണക്കുകൾ നല്കുവാൻ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താവുന്നതാണ്.

8. രേഖകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ, സീൽ ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പാക്കി റവന്യൂ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

# 2-8 പരസ്യ നികുതിപിരിവ് -അവലോകനം

1994- ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 207.271,272,273,274,275,276 വകുപ്പ് എന്നിവ പ്രകാരമുള്ള നഗരസഭയുടെ പരസ്യനികുതി പിരിവിന്റെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ പരാമർശിക്കുന്നു..

| | |
|---|---|
| 1) | 2015-16 വർഷത്തിൽ 20000രൂപ മാത്രമാണ് പരസ്യ നികുതി ഇനത്തിൽ വരവുള്ളത്.<br>ഡിമാന്റ് രജിസ്റ്റർ പ്രകാരം 2012-13 മുതൽ പിരിച്ചു തുടങ്ങിയതായി കാണുന്നു. |
| 2 | നിയമാനുസൃതം ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല |
| 3) | പരസ്യ നികുതി ബൈലോ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൗൺസിൽ തീരുമാനപ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| 4) | കേ. മു.നിയമം വകുപ്പ് 272 എന്നിവ പ്രകാരം സെക്രട്ടറിയുടെ അനുമതി പരസ്യ പ്രദർശനത്തിന് അത്യാവശ്യമാണ്. ഷൊർണ്ണൂർ നഗരസഭ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് ആകെ 12 സ്ഥാപനങ്ങൾക്കുമാത്രമാണ് അനുമതി അനുമതി നൽകി നികുതി ഈടാക്കിയിട്ടുള്ളത്. |
| 5) | സ്ഥാപനം നേരിട്ടാണ് പരസ്യ നികുതി പിരിക്കുന്നത്. 151000 രൂപ ഈയിനത്തിൽ വരവുണ്ടെങ്കിലും 131000 രൂപ നഗരസഭയുടെ അധീനതയിലുള്ള പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ടി വി പരസ്യം. ഷോപ്പിംഗ് കോംപ്ലക്സ് മതിലിലെ പരസ്യം , പ്രദർശിപ്പിക്കുന്നതിന് ലേലം ചെയ്തതുമൂലം ലഭ്യമായതാണ്. സിനിമാ തിയേറ്ററുകളുടെ പോസ്റ്റർ പതിക്കുന്നതിന് പരസ്യനികുതി ഈടാക്കിയിട്ടുണ്ട്. മറ്റ് പരസ്യങ്ങളിൽ നിന്നും നഗരസഭ നേരിട്ട് പിരിച്ചെടുത്ത തുക 20000 രൂപ മാത്രമാണ്. നഗരസഭയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് പരസ്യനികുതി ഈടാക്കുന്നില്ല. |

6) പരസ്യനികുതി പിരിവ് വിശകലനം :

| വർഷം | പരസ്യനികുതി ഡിമാന്റ് | പരസ്യനികുതി പിരിവ് | പരസ്യനികുതി ബാലൻസ് | പിരിവിന്റെ പുരോഗതി മുൻവർഷവുമായി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | താരതമ്യം ചെയ്യത് |
| 2013-14 | 22300 | 22300 | - | ലേലം മുഖേന നൽകിയത് |
| 2014-15 | 18300 | 18300 | - | 2013- 14 വർഷത്തിൽ ലേലം മുഖേന പിരിച്ചെടുത്ത തിനെക്കാൾ കുറവാണ് നേരിട്ട് പിരിച്ചപ്പോൾ ലഭ്യമായത് |
| 2015-16 | 20000 | 20000 | - | 2014-15 വർഷത്തെക്കാൾ നേരിയ വർദ്ധനവ് ഉണ്ടായെങ്കിലും 2013-14 വർഷത്തിൽ ലേലം മുഖേന പിരിച്ചതി നെക്കാൾ കുറവാണ് |

മേൽ പത്രികയെ അടിസ്ഥാനപ്പെടുത്തി താഴെപ്പറയുന്ന വിശകലനങ്ങൾ ഉൾപ്പെടുത്തുന്നു.

| | |
|---|---|
| എ | പരസ്യനികുതിയിനത്തിൽ വർദ്ധനവുണ്ടായിട്ടില്ല |
| ബി | കാര്യമായ വർദ്ധനവില്ലാത്തതിന്റെ കാരണം നഗരസഭയുടെ നേരിട്ടുള്ള പരസ്യനികുതി പിരിവ് കാര്യക്ഷമല്ലാത്തതാണ്. ജീവനക്കാരുടെ അഭാവം നേരിട്ട് പിരിവ് നടത്തുന്നതിന് പര്യാപ്തമല്ല. |
| സി | കുടിശ്ശിക ഇല്ല |

| | |
|---|---|
| ഡി | പരസ്യനികുതി പിരിവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസുകൾ/സർക്കാർ നടപടികൾ ഉണ്ടായിട്ടില്ല |
| ഇ | പരസ്യനികുതി പിരിവ് തടസ്സപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. |
| എഫ് | 2013-14 മുതൽ 2015-16 വരെയുള്ള കാലയളവിൽ പരസ്യ നികുതി പിരിവിന് വ്യത്യസ്ത മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. 2013-14വർഷത്തിൽ ലേലം മുഖേനയാണ് പരസ്യനികുതി ഈടാക്കിയിരുന്നത്. 2014-15 വർഷത്തിൽ ഇത് ഒഴിവാക്കി നേരിട്ട് പിരിക്കുന്ന രീതി അവലംബിച്ചുവരുന്നു. ഇതുമൂലം പരസ്യനികുതി വരവിൽ കുറവുണ്ടാകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ രീതി തന്നെ 2015-16 വർഷത്തിലും തുടർന്നതിനാൽ വരുമാനം കൂടുതൽ ലഭ്യയിട്ടില്ല. |
| 7 | പരസ്യനികുതി ഈടാക്കിയിട്ടുള്ളവരിൽ നിന്ന് അനുമതിയില്ലാതെ നടത്തുന്ന പരസ്യ പ്രദർശനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും അനധികൃത പരസ്യങ്ങൾക്കെതിരെ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. പരസ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ചെലവ് പരസ്യക്കാരനിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. എല്ലാ പരസ്യങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. |
| 8) | പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ അനുമതി നൽകുമ്പോൾ വൃക്ഷങ്ങൾക്ക് നാശം ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതായി നഗരസഭ അറിയിച്ചിട്ടുണ്ട്. നിലവിൽ വൃക്ഷങ്ങൾക്ക് ദോഷകരമായ രീതിയിൽ പ്രദർശിപ്പിച്ചിരുന്ന പരസ്യങ്ങൾ നീക്കം ചെയ്യുന്നുണ്ട്.<br>(circular No.75667/RC2/2013/LSGD dated 02.01.2014 കാണുക) |
| (9) | പരസ്യ നികുതി വർദ്ധിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. വാർഡ് സഭ മീറ്റിംഗുകളിൽ ബോധവൽക്കരണം പരസ്യ പ്രചാരണം തുടങ്ങിയവ നടത്തിയിട്ടില്ല. പരസ്യനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ നേരിട്ടുള്ള പിരിവ് വഴി നാമമാത്രമായ തുക മാത്രമാണ് വരവ് വന്നിട്ടുള്ളത്. |
| (10) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി കടന്നു പോകുന്ന പബ്ലിക്ക് സർവ്വീസ് വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങൾക്ക് അനുമതി നൽകിയിട്ടില്ല. ഇവരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. |

| | |
|---|---|
| (11) | പരസ്യ നികുതി ഈടാക്കുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് വൻതോതിൽ ചെലവുണ്ടായിട്ടില്ല. |
| (12) | സർക്കാർ ഉത്തരവ് (കൈ)നം.194/2014/ത.സ്വ.ഭ.വ തീയതി 06.11.2014 പ്രകാരം കെ.എസ്.ഇ.ബി പോസ്റ്റുകളിൽ പരസ്യ പ്രദർശനത്തിനും പരിപാലനത്തിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരസ്യ പ്രദർശനങ്ങളിൽ നിന്നും നഗരസഭക്ക് വരുമാനം ലഭ്യമായിട്ടില്ല. |
| 13) | പരസ്യ നികുതി പിരിവ് കാര്യക്ഷമമല്ല. ലേലനടപടികൾ സ്വീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. |

# ഭാഗം-3

## ചെലവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജെം സ്കൂൾ റോഡ് പ്രവർത്തി-അംഗീകരിച്ച അളവിൽ നിന്നും വ്യത്യസ്ഥമായി നിർവ്വഹണം നടത്തിയത്.

ജെം സ്കൂൾ റോഡ് പ്രവർത്തിയുടെ നിർവ്വഹണത്തിൽ

എട്ടാമിനമായി നിർവ്വഹണം നടത്തിയ 1:3:6 അനുപാതത്തിലുള്ള സിമെന്റ് കോൺക്രീറ്റ് പ്രവർത്തി .075മീറ്റർ കനത്തിൽ ചെയ്യുവാനാണ് സാങ്കേതികാനുമതി ലഭ്യമായത്. എന്നാൽ 67മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി ചെയ്യുവാൻ അംഗീകാരം ലഭ്യമായതിൽ 37.8 മീറ്റർ നീളത്തിൽ മാത്രമേനിർമ്മാണം നടത്തിയിട്ടുള്ളൂ. എന്നാൽ ആയതിന് മുകളിലുള്ള ടോപ്പ് ബെൽറ്റ് .10 മീറ്റർ കനത്തിൽ ചെയ്തിട്ടുണ്ട് ആയതിനാൽ ആവശ്യമില്ലാതെ താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് വിശദീകരണം ആവശ്യപ്പെട്ടതിൽ നിലവിലുള്ള എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമാണ് കനം നേരിയ തോതിൽ വർദ്ധിപ്പിച്ചതെന്ന മറുപടി അംഗീകരിക്കുന്നില്ല.ടി വിവരങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ അധികം അനുവദിച്ച തുക 2207/-രൂപ ഈടാക്കി മുൻസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദ വിവരങ്ങൾ താഴെകൊടുക്കുന്നു.

നല്കിയ അളവ്. (ഇനം 8)

1*37.8*.5*.1=1.89എം3

നല്കാവുന്ന അളവ്

1*37.8*.5*.075=1.42എം3

അധികമായി അനുവദിച്ചത്=1.89-1.42=.47എം3

തുക= .47*6261.39=2943/രൂപ

ടെണ്ടർ വ്യതിയാനം (25%)

യഥാർത്ഥ നഷ്ടം =2943*25%(-)=2207/-രൂ

മറ്റ് വിവരങ്ങൾ

ബിൽ നം. 103/15-16,18-3-2016

തുക . 398600/-രൂപ

എം ബുക്ക് നം. 206/15-16

# 3-2 ഡെപ്പോസിറ്റ് പ്രവർത്തികൾ തുക തിരികെ ഈടാക്കുക.

ഷൊർണ്ണൂർ നഗരസഭയുടെ ഫയൽ പരിശോധിച്ചതിൽ കേരളാ വാട്ടർ അതോറിട്ടിയിലും,കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലുമായി ഡെപ്പോസിറ്റ് പ്രവർത്തികൾ നടപ്പാക്കിയ വകയിൽ ഭീമമായ സംഖ്യ നിലനില്ക്കുന്നതായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. ആയതിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തി നടപ്പാക്കിയ വകയിൽ നല്കുവാനുള്ള തുക നല്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കെ എസ് ഇ ബി

30-09-2016 വരെ 128102/ രൂപ,ബാക്കി നില നില്ക്കുന്നു.

വാട്ടർഅതോറിട്ടി

1997-98 മുതൽ 2011-12വരെ നടപ്പാക്കിയ പ്രവർത്തികളിൽ 46,32,599/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

2014-15,2015-16 വർഷങ്ങളിൽ 15 പ്രവർത്തികൾക്കായി 163.37 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 69.77ലക്ഷം രൂപ മാത്രം ചെലവഴിച്ചിട്ടുള്ളതായി പുരോഗതി പത്രികയിലൂടെ അറിയിച്ചിട്ടുണ്ട്.

2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വിനിയോഗിച്ച തുക, ഏല്പ്പിച്ച പ്രവർത്തികൾ എന്നീ വിവരങ്ങൾ ലഭ്യമായിട്ടില്ല.

## 3-3 ആവശ്യത്തിലധികം ബിറ്റുമിൻ വാങ്ങിയിത് ഉപയോഗ ശൂന്യമായി അവശേഷിക്കുന്നു.

2014-15 കാലയളവിൽ റോഡ് പ്രവർത്തികൾ

നടത്തുന്നതിലേക്ക് സിഡ്കോയിൽ നിന്നും 691ബാരൽ ബിറ്റുമിൻ വാങ്ങിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത റോഡ് മരാമത്ത് പ്രവർത്തികൾ 2015-16 സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ ആയിരുന്നവയെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

ആയതിലേക്ക് കണക്കിക്കിയ ടാറിന്റെ ആവശ്യകത താഴെപ്പറയും പ്രകാരമാണ്.

| നം | ഫണ്ടിനം | അളവ് |
|---|---|---|
| 1 | വികസന ഫണ്ട് | 11032.5kg |
| 2 | ലോക ബാങ്ക് | 3318.0kg |
| 3 | ധനകാര്യ കമ്മീഷൻ | 2818.17kg |
| 4 | എസ്സ് സി വികസനം | 38992.03kg |
| 5 | മെയ്ന്റനൻസ് ജനറൽ | 49658.71kg |
| | ആകെ | 105819.41kg |

ആയതിലേക്ക് നൽകിയ തുകയുടെ വിവരങ്ങൾ താഴെകൊടുക്കുന്നു.

ബാരൽ വില @8293.9/barrel 679Nos=5631558/-

ഫ്രൈറ്റ്@7825/per 60 barrel load =91725/-

(7825*11 load)Half load(5650)

ST =2819/-

Un loading charge =23765/-

ആകെ =5749367/-

23.1.2015 തീയ്യതിയിലെ 5263/23.1.15ലെ ഇൻവോയ്സ് പ്രകാരം 1872കിലോ ഗ്രാം (12ബാരൽ)ബിറ്റുമിൻ കൂടി വാങ്ങിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബിറ്റുമിൻ ആവശ്യത്തിൽ അധികം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ 31.3.2014ൽ നിലവിലുള്ള 46 ബാരൽ (7442.8kg) 2016 ൽ 49 ബാരൽ (7799.52kg) ആയി തുടരുന്നു. നിലവിലുള്ള 49 ബാരൽ വിജി10ഗ്രേഡ് ബിറ്റുമിൻ നിലവിലുള്ള സാഹചര്യത്തിൽ ഉപയോഗശൂന്യമായിരിക്കുകയാണ്.

## 3-4 അമ്മ വീട്ടിൽ വിജി നിവാസ് റീ കോൺക്രീറ്റ്.ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

അടങ്കൽ. 500000/-രൂപ

പ്രോജക്റ്റ് നമ്പർ 231/16

ബിൽ നമ്പർ 43/15-16,Dt.16.2.16

തുക 329766/-രൂപ

എംബി നമ്പർ 171/2015-16

മേല്പ്പറഞ്ഞ പ്രവർത്തി റീകോൺക്രീറ്റായി വിഭാവനം ചെയ്യതിൽ എസ്റ്റിമേറ്റ് ഉണ്ടാക്കിയപ്പോൾ പുതിയതായുള്ള പ്രവർത്തിയായാണ് പദ്ധതി അംഗീകാരം വാങ്ങിയിത്. പ്രോജക്റ്റുകളിലും മറ്റ് രേഖകളിലും റീകോൺക്രീറ്റ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി പ്രൊജക്റ്റ് റിവൈസ് ചെയ്യതതിൻ പ്രകാരം പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി.പ്രവർത്തി റീകോൺക്രീറ്റാണോ എന്ന് വ്യക്തമായില്ല. എക്സ്ട്രാ ഇനമായി 39.6 മീറ്റർ നീളത്തിൽ മൺ പണി നടത്തി കരിങ്കൽ കെട്ടിയതിൽ അതേ അളവിൽ ടോപ്പ് ബെൽറ്റ് നിർമ്മിക്കുകയും ആയത് കൂടാതെ 4.73 മീറ്റർ നീളത്തിൽ നിലവിലുള്ള പഴയ സംരക്ഷണ ഭിത്തികൾക്ക് കൂടി 1:3:6 അനുപാതത്തിൽ ടോപ്പ് ബെൽറ്റ് നിർമ്മിച്ചിട്ടുണ്ട് എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സൈറ്റ് പരിശോധിച്ചതിൽ ടി ടോപ്പ് ബെൽറ്റ് പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദമായ മറുപടിയുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റ് തടസ്സവാദത്തിൽ വയ്ക്കുന്നു.

## 3-5 കുടുംബശ്രീശാക്തീകരണപദ്ധതി-അയൽക്കൂട്ടങ്ങളുടെ ദൈനംദിനചെലവുകൾക്ക് പ്ലാൻഫണ്ട് സബ്സിഡിയായി അനുവദിച്ചു

നിർവഹണോദ്യോഗസ്ഥൻ -മെമ്പർ സെക്രട്ടറി, സിഡിഎസ്

വികസന ഫണ്ടിൽ നിന്നും 330000 രൂപ വകയിരുത്തി കുടുംബശ്രീ ശാക്തീകരണം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് (പ്രൊജക്റ്റ് നം.62/16 ). പ്രൊജക്റ്റിലെ ധനകാര്യ വിശകലനം എന്നഭാഗത്ത് 33 ഗ്രൂപ്പുകൾക്ക് 10000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതിനാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ പ്രവർത്തനം എന്ന ഭാഗത്ത് വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനു പകരം പ്രൊജക്റ്റിന്റെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികൊണ്ട് എന്താണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമല്ല. ട്രഷറി ബിൽ നം. 21/16.1.16 പ്രകാരം 330000 രൂപ പിൻവലിച്ചിട്ടുണ്ട്. 360 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 900 രൂപവീതവും സിഡിഎസിന് 6000 രൂപയും നൽകുന്നതിന് ഡിഡി എടുക്കുന്നതിന് ബാങ്കിലേക്ക് ലിസ്റ്റ് നൽകിയിരിക്കുന്നു. 900 രൂപ വീതം 360 ഗ്രൂപ്പുകൾക്കും സിഡിഎസിന് 6000 രൂപയും നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു (ഫയൽ

നം. സിഡിഎസ്/11013/15). ഈ പദ്ധതി നിർവഹിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 360 ഗ്രൂപ്പുകൾ ഡിഡികൾ കൈപ്പറ്റിയതിന്റെയും ഡിഡികളുടെയും വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. 6000 രൂപ സിഡിഎസിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

2) ഈ പദ്ധതിക്കായുള്ള ഗ്രൂപ്പുകളെ വാർഡ് സഭവഴി തെരഞ്ഞെടുത്തതായോ കൗൺസിൽ അംഗീകരിച്ചതായോ കാണുന്നില്ല.

3) ഗ്രൂപ്പുകൾക്ക് തുക അനുവദിക്കുന്നതിനുമുമ്പായി ഏതു രീതിയിൽ തുക വിനിയോഗിക്കണമെന്ന നിർദേശം നൽകിയിട്ടില്ല.

4) പദ്ധതി അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത് 33 ഗ്രൂപ്പുകൾക്ക് 10000 വീതം ധനസഹായം അനുവദിക്കുന്നതിനാണ്. ആയതിനു വിരുദ്ധമായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

5) 47 ഗ്രൂപ്പുകൾ സമയപരിധിക്കകം തുക മാറിയെടുക്കാത്തതിനാൽ പിന്നീട് റീവാലിഡേറ്റ് ചെയ്തിരിക്കുന്നു. റീവാലിഡേറ്റ് ചെയ്ത ഡിഡികളിൽ 9 ഡിഡികൾ നാളിതുവരെയും നൽകിയിട്ടില്ലാത്തതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | ഡിഡി നം. | തുക |
|---|---|---|---|
| 1 | നന്ദനം | 048393 | 900 |
| 2 | സൗഹൃദ | 048414 | 900 |
| 3 | ധനലക്ഷ്മി | 019764 | 900 |
| 4 | ലാവണ്യ | 019763 | 900 |
| 5 | കരുണ | 048317 | 900 |
| 6 | ദർശന | 048332 | 900 |
| 7 | സൂര്യ | 048336 | 900 |
| 8 | ഹരിശ്രീ | 048444 | 900 |
| 9 | തപസ്യ | 048379 | 900 |

സബ്സിഡിമാർഗരേഖ ജി.ഒ(എം.എസ്) 362/2013/തസ്വഭവ,തീയതി 16.11.13 സബ്സിഡിയിനത്തിൽ ഇത്തരത്തിൽ സബ്സിഡി നൽകുന്നത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ഉൽപാദനപരമല്ലാത്ത ദൈനംദിനാവശ്യങ്ങളാവശ്യങ്ങൾക്ക് പദ്ധതിഫണ്ട് വിനിയോഗിക്കുന്നത് സബ്സിഡിമാർഗരേഖക്ക് വിരുദ്ധമാണ്. മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.79.1.2017) 360 ഗ്രൂപ്പുകൾക്ക് 900 രൂപയും സിഡിഎസിന് 6000 രൂപയും നൽകുന്ന രീതിയിൽ പ്രൊജക്റ്റിന് പുതുക്കിയ അംഗീകാരം ലഭ്യമാക്കിയതായും അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് അക്കൗണ്ട്, ഇൻഷൂറൻസ്, പഠനക്ലാസ് എന്നീ പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചതെന്നും നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയ ഗ്രൂപ്പുകൾ ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രങ്ങൾ പ്രകാരം ഈ തുക ദൈനംദിന യാത്രകൾക്കും സ്റ്റേഷനറികൾ വാങ്ങുന്നതിനും വിനിയോഗിച്ചിട്ടുള്ളതായി കാണുന്നു. പദ്ധതിപ്പണം ഇത്തരത്തിൽ ഉൽപാദനപരമല്ലാത്ത ദൈനംദിന ചെലവുകൾക്ക് വിനിയോഗിക്കാവുന്നതല്ല. ചെലവ് തുക 330000 രൂപ തടസത്തിൽ വെയ്ക്കുന്നു.

## 3-6 അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ വിതരണപദ്ധതികൾ നാളിതുവരെയും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

നിർവഹണം.-ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്റ്റ് നം.SO 107/16(അടങ്കൽ-500000 )

അംഗപരിമിതർക്ക് സഹായ ഉപകരണങ്ങൾ വിതരണപദ്ധതി പ്രകാരം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് പദ്ധതിഫണ്ടിൽനിന്നും 500000രൂപ വകയിരുത്തിയിട്ടുണ്ട്. വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വാങ്ങൽ നടത്തുന്നതിനായി വികലാംഗക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ട്രഷറി ബിൽനം. 7/25.2.16 പ്രകാരം 499838 രൂപ പിൻവലിച്ച് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിന് ടി സ്ഥാപനത്തിന്റെ പേരിൽ ഡിഡി

എടുത്തിട്ടുണ്ട്(ഡിഡി നം.049305/2.3.16) വികലാംഗക്ഷേമ കോർപ്പറേന്റെ ലെറ്റർ ഹെഡിലുള്ള ലെറ്റർ നം.386-75/B3/13/HPWC/16, dated21.3.16പ്രകാരമുള്ള രണ്ടു കത്തുകളിലായാണ് വിലനിലവാരം രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു കത്തിൽ 25 ഉപകരണങ്ങൾക്കുള്ള വിലയായി 285338 രൂപയും മറ്റൊരു കത്തിൽ 71500 വീതം വിലയുള്ള 3 മൂന്നുചക്രങ്ങളുടെ വിലയായി 214500 രൂപയും വിലയായി രേഖപ്പെടുത്തിയിരിക്കുന്നു. 71500 രൂപ വിലയുള്ള 3 സ്കൂട്ടറുകൾ നാളിതുവരെയും വികലാംഗ കോർപ്പറേഷനിൽ നിന്നും ലഭ്യമായിട്ടില്ല. പിൻവലിച്ച 499835 രൂപയുടെ ഡിഡി രണ്ടുതവണ റീവാലിഡേറ്റ് ചെയ്ത് നിർവഹണദ്യോഗസ്ഥ സൂക്ഷിച്ചുവരികയാണ്.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കൂടി കാണുന്നു.

1) വികലാംഗ കോർപ്പറേഷൻ നിശ്ചിത ഫോർമാറ്റിലുള്ള ബിൽ സമർപ്പിക്കുന്നതിനു പകരം സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിലാണ് (ലെറ്റർ നം.386-75/B3/13/HPWC/16,dated21.3.16) വിലവിവരങ്ങൾ കാണിച്ചിട്ടുള്ളത് . ത്രീ വീലറുകളുടെ സെപെസിഫിക്കേഷനോ, വാഹനകമ്പനിയുടെ വിശദാംശമോ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. നിശ്ചിത ഫോർമാറ്റിലുള്ള കാഷ്ബിൽ ലഭ്യമാക്കേണ്ടതാണ്

2) വികലാംഗ കോർപ്പറേഷനുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല

3) തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ അർഹതാരേഖകൾ വാങ്ങിയിട്ടുള്ളതിൽ ടിയാളുകളുടെ ഡ്രൈവിംഗ് ലൈസൻസ് വാങ്ങിയതായി കാണുന്നില്ല. ഡ്രൈവിംഗ് ലൈസൻസ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. എത്രയും പെട്ടെന്ന് ഉപകരണങ്ങൾ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള ശ്രമം നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കി അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതുവരെ വാഹനങ്ങളുടെ വിലയായ 214500 രൂപ തടസത്തിൽ വെയ്ക്കുന്നു.

## 3-7 ഭവന പുനരുദ്ധാരണ പദ്ധതി - വാല്വേഷൻ ഇല്ലാതെ തുക അനുവദിച്ചു

നിർവഹണോദ്യോഗസ്ഥൻ- പ്രൊജക്ട് ഓഫീസർ , ദാരിദ്ര്യ നഗരകാര്യ ലഘൂകരണ വിഭാഗം

പ്രൊജക്ട് നം.48/15 പ്രകാരം 2014-15 വർഷത്തിൽ ആരംഭിച്ച പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയായി 88/16 നം. ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 2167500 രൂപ വകയിരുത്തിയിട്ടുണ്ട്. തൻവർഷം ഈ പദ്ധതിയിൽ നിന്നും 1837500 രൂപ ചെലവുണ്ട്. ചെലവിന്റ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽനം. | തുക |
|---|---|
| 1/18.8.15 | 1207500 |
| 8/26.9.15 | 540000 |
| 15/29.10.15 | 90000 |

ഈ പദ്ധതിപ്രകാരം ആകെ 178 ഗുണഭോക്താക്കൾ പുനരുദ്ധാരണത്തിന് ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്. 15000 രൂപയാണ് ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ചിട്ടുള്ളത്. വീട് റിപ്പയർ നടന്നതിന്റെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 മാർഗരേഖക്കു വിരുദ്ധമായി ഭവന പദ്ധതിക്ക് പുരുഷൻമാരുടെ പേരിൽ ധനസഹായം നൽകി

നിർവഹണോദ്യോഗസ്ഥൻ- പ്രൊജക്ട് ഓഫീസർ , ദാരിദ്ര്യ നഗരകാര്യ ലഘൂകരണ വിഭാഗം

2014-15വർഷത്തിൽ ആരംഭിച്ചിട്ടുള്ള ഇ.എം.എസ് ഭവന പദ്ധതിയുടെ സ്പിൽഓവറായി താഴെപ്പറയുന്ന പ്രകാരം ഭവനപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 95 ഗുണഭോക്താക്കൾക്ക് ഭവനത്തിന് ആനുകൂല്യം നൽകുന്നതിനാണ് ഉദ്ദ്യേശിച്ചിരുന്നത്. 200000 രൂപ വീതം സബ്സിഡി നൽകുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. 93 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ആദ്യഗഡു കൈപ്പറ്റിയിട്ടുണ്ട്. 67/16 നം. പദ്ധതിയിൽ വകയിരുത്തിയ തുക മുഴുവൻ വിനിയോഗിച്ചു. പദ്ധതി പൂർത്തീകരിക്കുന്നതിനായി മറ്റു പദ്ധതികളിൽ നിന്നും അധിക തുക കണ്ടെത്തുകയും രണ്ടു പദ്ധതികൾക്ക് ഈ ആവശ്യത്തിനായി അംഗീകാരം വാങ്ങുകയുമാണ് ഉണ്ടായത്. ഈ പദ്ധതികൾ മുഖേന 41 പുരുഷൻമാരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ ജി.ഒ (എം.എസ്) 362/2013 തസ്വഭവ, തീയതി-16.11.2013 പ്രകാരം ഭാര്യയുടെ പേരിലായിരിക്കണം വീട് അനുവദിക്കേണ്ടതെന്നും അപേക്ഷക ഭാര്യയായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ത്രീകൾ അംഗങ്ങളായിട്ടുള്ള കുടുംബത്തിലെ പുരുഷൻമാർക്കാണ് വീടിനുള്ള ധനസഹായം അനുവദിച്ചിട്ടുള്ളത്.

| പദ്ധതി നം. | പേര് | ചെലവ് |
|---|---|---|
| (പ്രൊജക്ട് നം.67/16) | ഇ.എം.എസ് ഭവന പദ്ധതി 2015-16 | 2460000 |
| (പ്രൊജക്ട് നം.89/16) | ഇ.എം.എസ് ഭവന പദ്ധതി new | 3420000 |
| (പ്രൊജക്ട് നം. 264/16) | ഇ.എം.എസ് ഭവന പദ്ധതി രണ്ടാം ഘട്ടം | 3860000 |

ഈ ഭവന പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ആവശ്യമായ മുഴുവൻ തുകയും ആദ്യ പ്രൊജക്ടിൽ തന്നെ വകയിരുത്തുന്നതിനുപകരം വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്യുന്ന ഗഡുക്കൾക്ക് അനുസൃതമായി ഘട്ടംഘട്ടമായി തുക കണ്ടെത്തി പ്രത്യേകം പദ്ധതികൾ തയ്യാറാക്കുകയാണ് നഗരസഭ ചെയ്തിട്ടുള്ളത്.

ആകെ എഗ്രിമെന്റ് വെച്ച് ആനുകൂല്യം നൽകിയ 95 ഗുണഭോക്താക്കളിൽ 60 പേർ മാത്രമാണ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. ആദ്യഗഡു തുക 20000, രണ്ടാം ഗഡു 60000, മൂന്നാം ഗഡു 60000, നാലാം ഗഡു 40000, അഞ്ചാം ഗഡു 20000

എന്നിങ്ങനെയാണ് തുക അനുവദിച്ച് നൽകുന്നത്. വിവിധ ഗഡുക്കൾ കൈപ്പറ്റിയതിനുശേഷം ഭവനനിർമാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരം തഴെപ്പറയും പ്രകാരമാണ്.

പൂർത്തീകരിച്ചവർ – 60

ആദ്യ ഗഡു മാത്രം കൈപ്പറ്റിയവർ – 3

രണ്ടാം ഗഡു കൈപ്പറ്റിയവർ-10

മൂന്നാം ഗഡു കൈപ്പറ്റിയവർ-21

നാലാം ഗഡു കൈപ്പറ്റിയവർ-1

ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമാണം ആരംഭിച്ചിട്ടില്ലെങ്കിൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ

ആകെ അംഗികാരം ലഭിച്ച 11 (10 പുതിയതും ഒരു സ്പിൽ ഓവറും) പദ്ധതികളിൽ

7 (പുതിയവ മാത്രം) പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എല്ലാ പദ്ധതികളുടെയും ഫയലുകൾ പരിശോധനക്ക് വിധേയമാക്കി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 11 | 7 | 3226090 | 2024930 | 62.76 |

പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ ലിസ്റ്റ് കൈമാറുന്നതിൽ കാലതാമസം.

   2015-16 വർഷം നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് 29.09.15ൽ തന്നെ ഭരണ സമിതി അംഗീകരിച്ചെങ്കിലും 21.03.16ന് മാത്രമാണ് സെക്രട്ടറി കൃഷി ഓഫീസർക്ക് കൈമാറിയിരുന്നുള്ളു. കാർഷിക മേഖലയിലെ പദ്ധതികൾ നിശ്ചിത സമയക്രമം അനുസരിച്ച് നടപ്പിലാക്കേണ്ടതായതിനാൽ വർഷാരംഭത്തിൽ തന്നെ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഗ്രോ ബാഗ് വിതരണം പൂർത്തിയാക്കാനായില്ല- പച്ചക്കറി തൈകൾ നശിച്ചു, റെയ്ഡ്കോയ്ക്കു നൽകാനുള്ള തുക നൽകാനായില്ല.

59/16:ജൈവ പച്ചക്കറി കൃഷി (ഗ്രോ ബാഗ്) എന്ന പ്രോജക്ട് പ്രകാരം 724 പേർക്ക് ഗ്രോബാഗും വളവും വിത്തും നൽകാൻ ലക്ഷ്യമിട്ടു. ഈ പദ്ധതിക്കായി പൊതു വിഭാഗം പദ്ധതി ഫണ്ടിൽ നിന്നും വകയിരുത്തിയ രൂ:90500/-ൽ ട്രഷറി ബിൽ നം. 03/01.01.2016 പ്രകാരം രൂ:81250/- ചെലവഴിച്ചിട്ടുണ്ട് (ബിൽ നം. 3/1.1.16) 5 ഗ്രോബാഗും പോട്ടിങ് മിക്സ്ചറും പച്ചക്കറി തൈകളും 650 ഗുണഭോക്താക്കൾക്ക് നൽകാനായി വാങ്ങിയയിനത്തിൽ റെയ്ഡ്കോയ്ക്ക് നൽകാനുള്ള രൂ;117000/- ൽ രൂ:68250/- മാത്രമാണ് പദ്ധതി ഫണ്ടിൽ നിന്നും റെയ്ഡ്കോയ്ക്ക് നൽകിയത്. ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം ലഭ്യമാകുന്ന മുറക്കാണ് റെയ്ഡ്കോയ്ക്ക് ബാക്കി തുക നൽകുന്നത്. മുളക്, വഴുതിനങ്ങ, തക്കാളി എന്നീ തൈകൾ വാങ്ങുന്നതിനായി പദ്ധതി ഫണ്ടിൽ നിന്നും രൂ:13000/- VFPCK ആലത്തൂരിന് നൽകിയിട്ടുണ്ട്. എന്നാൽ 2016 മാർച്ച് എപ്രിൽ മാസങ്ങളിലായി 395 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഗ്രോബാഗും പോട്ടിങ് മിക്സ്ച്ചറും കൈമാറിയത്. 2016 ഒക്ടോബർ മാസം 40 പേർക്ക് കൂടി ഇവ വിതരണം ചെയ്തിട്ടുണ്ട്. 215 പേർക്കുള്ള ഗ്രോബാഗുകളും തൈകളും വിതരണം ചെയ്യാത്തതിനാൽ രു:2/- വിലയുള്ള 2150 പച്ചക്കറി തൈകൾ നശിച്ചുപോയ അവസ്ഥയിലാണ്. 215പേരിൽ നിന്നും ലഭിക്കേണ്ട ഗുണഭോക്തൃ വിഹിതം രൂ:16125/- റെയ്ഡ്കോയ്ക്ക് നൽകാനാവാത്ത അവസ്ഥയിലുമാണ്. കാർഷിക മേഖലയിലെ പദ്ധതികൾ കൃത്യമായി ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗ്രോബാഗും പോട്ടിങ് മിക്സ്ച്ചറും വിതരണം നടത്തി റെയ്ഡ്കോയ്ക്ക നൽകാനുള്ള തുക നൽകേണ്ടതാണ്.

3. നേന്ത്ര വാഴക്കന്ന് പകുതി മാത്രം വിതരണം ചെയ്തു.

60/16: നേന്ത്ര വാഴ കൃഷി വികസനം എന്ന പദ്ധതി പ്രകാരം 500 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി 1000 വാഴക്കന്നുകൾ വാങ്ങിയതിൽ 200 ഗുണഭോക്താക്കൾ രൂ:12.50 വീതം ഗുണഭോക്തൃ വീഹിതം അടച്ച് 500 വാഴക്കന്നുകൾ കൈപ്പറ്റിയിട്ടുണ്ട്. 1000 വാഴക്കന്നുകൾ വാങ്ങുന്നതിനായി പദ്ധതി ഫണ്ടിൽനിന്നും ചെലവഴിച്ചത് രൂ:18750/- ആണ്. (ബിൽ നം.6/30.03.16 കാണുക). ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാഴക്കന്നുകൾ വാങ്ങിയ പ്ലാന്റ് എൻ പ്ലന്റി എന്ന സ്ഥാപനത്തിനു നൽകാനുണ്ടായിരുന്ന രു:6250/-ൽ പകുതി മാത്രമാണ് സ്ഥാപനത്തിന് നൽകാനായത്.

കൃത്യമായ ആസൂത്രണമില്ലാത്തതും വാഴ കൃഷിക്ക് അനുയോജ്യമായ സമയത്ത് വാഴക്കന്നുകൾ വിതരണം ചെയ്യാനാവാത്തതുമാണ് ഈ പ്രോജക്ട് പരാജയപ്പെടാനുണ്ടായ കാരണം. തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ സമയക്രമം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4. ജൈവ പച്ചക്കറി കൃഷി വീട്ടുവളപ്പിൽ (എസ്.സി.പി).

പ്ലാൻ(എസ്.സി.പി) ഫണ്ടിൽ നിന്നും രൂ:20000/- ഗുണഭോക്തൃവിഹിതം രൂ:5000/- എന്നിങ്ങനെ രൂ:25000/- അടങ്കൽ ആയി അംഗീകരിച്ച ഈ പദ്ധതിക്കായി (പ്രോജക്ട് നം.159/16) പദ്ധതി ഫണ്ടിൽ നിന്നും വകയിരുത്തിയ രൂ:20000/- ബിൽ നം.08/30.03.16 പ്രകാരം ചെലവഴിച്ചിട്ടിട്ടുണ്ട്. രൂ:15000/- ജൈവ വളം വാങ്ങിക്കുന്നതിനും രൂ:5000/- പച്ചക്കറി വിത്തുകൾ വാങ്ങിക്കുന്നതിനുമാണ് ചെലവഴിച്ചത്. 100 പേർക്ക് വിതരണം

ചെയ്യാനായി വാങ്ങിയ വളവും വിത്തുകളും 48 പേർ മാത്രമാണ് ഗുണഭോക്തൃ വിഹിതം അടച്ച് കൈപ്പറ്റിയത്.

5. ജൈവ പച്ചക്കറി കൃഷി വീട്ടുവളപ്പിൽ (ജനറൽ).

   പ്ലാൻ(ജനറൽ) ഫണ്ടിൽ നിന്നും രൂ:95125/- ഗുണഭോക്തൃവിഹിതം രൂ:23750/- എന്നിങ്ങനെ രൂ:118875/- അടങ്കൽ ആയി അംഗീകരിച്ച ഈ പദ്ധതിക്കായി (പ്രോജക്ട് നം.156/16) പദ്ധതി ഫണ്ടിൽ നിന്നും രൂ:50000/- ബിൽ നം.07/30.03.16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. രൂ:25000/- ജൈവ വളം വാങ്ങിച്ചതിന്റെ സബ്സിഡിയും രൂ:25000/- പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ ഇവ വാങ്ങിക്കുന്നതിനുമാണ് ചെലവഴിച്ചത്. 250 പേർക്ക് വിതരണം ചെയ്യാനായി വാങ്ങിയ വളവും വിത്തുകളും തൈകളും ഏപ്രിൽ, മെയ് മാസങ്ങളിലായി 95 പേർക്കും 2016 ഒക്ടോബർ മാസത്തിൽ 51 പേർക്കും ഗുണഭോക്തൃ വിഹിതം ഈടാക്കി വിതരണം ചെയ്തിട്ടുണ്ട്. 104 പേർക്കുള്ള വളവും വിത്തും തൈകളും വിതരണം ചെയ്യാനായിട്ടില്ല.

6. ജൈവ പച്ചക്കറി കൃഷി (ഗ്രോ ബാഗ്) (എസ്.സി.പി)- ലക്ഷ്യമിട്ടതിന്റെ 10%ൽ താഴെ മാത്രം നടപ്പായി.

   പ്ലാൻ(എസ്.സി.പി) ഫണ്ടിൽ നിന്നും രൂ:300000/- ഗുണഭോക്തൃവിഹിതം രൂ:185020/- എന്നിങ്ങനെ രൂ:485020/- അടങ്കൽ ആയി അംഗീകരിച്ച ഈ പദ്ധതിക്കായി (പ്രോജക്ട് നം.157/16) പദ്ധതി ഫണ്ടിൽ നിന്നും രൂ:35250/- ബിൽ നം.09/30.03.16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. 150 പേർക്ക് വിതരണം ചെയ്യാനായി ഗ്രോ ബാഗ്, പോട്ടിങ് മിക്സ്ച്ചർ ഇവ വാങ്ങിയതിന്റെ സബ്സിഡിയായി റെയ്ഡ്കോയ്ക്ക് നൽകിയ രു:29250/-, വഴുതിനങ്ങ, മുളക്, തക്കാളി തൈകളുടെ വിലയായി VFPCK ആലത്തൂരിന് നൽകിയ രൂ;6000/- എന്നിങ്ങനെയാണ് തുക ചെലവഴിച്ചത്.

   150 പേർക്കുള്ള ഗ്രോ ബാഗും പച്ചക്കറി തൈകളും വാങ്ങിയിട്ടുണ്ടെങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളിലായി 87 യൂണിറ്റും, ഒക്ടോബർ മാസത്തിൽ 20 യൂണിറ്റും മാത്രമാണ് വിതരണം ചെയ്തത്.

കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കി പദ്ധതി ലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ:

ഓഡിറ്റ് വർഷം രൂ:25000/- അടങ്കലും ചെലവും വരുന്ന മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.236/16) എന്ന ഒരേയൊരു പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. ഉത്പാദന മേഖലയിൽ, മൃഗ സംരക്ഷണ മേഖലയുടെ വളർച്ചയ്ക്ക് സഹായിക്കുന്ന പ്രോജക്ടുകൾ ഓഡിറ്റ് വർഷം അവിഷ്കരിച്ചിരുന്നില്ല.

# 3-11 ആരോഗ്യ മേഖലയിലെ പദ്ധതികൾ

മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, ഹെൽത്ത് ഓഫീസർ എന്നിവരാണ് ആരോഗ്യ മേഖലയിലെ പദ്ധതികൾ നടപ്പാക്കിയത്. നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗികാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഗവ.ഹോസ്പിറ്റൽ | 11 | 7 | 3226090 | 2024930 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 825000 | 820429 |
| ഹെൽത്ത് ഓഫീസർ | 8 | 6 | 3765838 | 1496638 |

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം അംഗീകാരം ലഭിച്ച രണ്ട് പദ്ധതികളും നല്ല രീതിയിൽ സമയ ബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ, ഗവ.ഹോസ്പിറ്റൽ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.KMSCL, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നിവിടങ്ങളിൽ നിന്നും ലഭിക്കാൻ ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കണം

മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ നടപ്പാക്കിയ വിവിധ പദ്ധതികൾക്കായി മരുന്ന് ലഭ്യമാക്കുന്നതിനായി KMSCL, തിരുവനന്തപുരം, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, പട്ടാമ്പി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയതിൽ മുഴുവൻ മരുന്നുകളും നാളിതുവരെ ലഭ്യമായിട്ടില്ല. കിട്ടാനുള്ള മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | സ്ഥാപനം | മുൻകൂർ നൽകിയ തുക/ഡി.ഡി.നം. | ലഭിച്ച മരുന്നുകളുടെ മൂല്യം | മുൻകൂർ ക്രമീകരിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 4/16: സാമൂഹ്യ മാനസീകാരോഗ്യ പദ്ധതി | KMSCL | രൂ:110633/- ബിൽ നം.6/7.9.16 | 90155/- | 20478/- |
| | Karunya Community Pharmacy, Pattambi. | രൂ:89367/- ബിൽ നം. 12/31.3.16 | 78583/- | 10784/- |
| 112/16: വയോമിത്രം ഓഫീസിലേക്ക് മരുന്ന് വാങ്ങൽ | KMSCL | രൂ:300000/- ബിൽ നം. 5/8.1.16 | 155821/- | 144179/- |
| 3/16: സാന്ത്വന പരിചരണ പദ്ധതി | KMSCL | രൂ:100000/- ബിൽ:10/20.3.16 | 59146/- | 40854/- |
| ആകെ | | 600000/- | 383705 | 216295/- |

മേൽ പറഞ്ഞ പ്രകാരം 216295/- രൂപയുള്ള മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ

സ്വീകരിക്കണം.

2. സ്വാന്ത്വന പരിചരണ പരിപാടിയുടെ വാഹനത്തിൽ ലോഗ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കണം

സാന്ത്വന പരിചരണ പദ്ധതിക്കായി (പ്രോജക്ട് നം.3/16) തൻ വർഷം തൻ വർഷം പൊതു വിഭാഗം പദ്ധതി ഫണ്ടിൽ നിന്നും രൂ:400,000/- വകയിരുത്തുകയും രൂ:399829/- ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ട്രഷറിയിൽ നിന്നും തുക മാറിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം. | തുക |
|---|---|
| 01/24.08.15 | 77297 |
| 02/21.10.15 | 52400 |
| 03/17.11.15 | 19100 |
| 04/17.12.15 | 38402 |
| 07/12.02.16 | 25000 |
| 08/12.2.16 | 19100 |
| 09/20.03.16 | 43530 |
| 10/20.03.16 | 100000 |
| 11/.31.03.2016 | 25000 |
| ആകെ | 399829 |

സാന്ത്വന പരിചരണത്തിന്റെ ഭാഗമായി ഹോം കെയർ സന്ദർശനത്തിന് ഉപയോഗിക്കുന്ന KL.51.E.5 നമ്പർ മാരുതി ഓമ്നി വാനിൽ സന്ദർശനം നടത്തുന്ന ദിവസങ്ങളിൽ 200/- രൂപയുടെ പെട്രോൾ വേണ്ടി വരുന്നുണ്ട്. പ്രതിമാസം ശരാശരി രൂ:2200/- പെട്രോളിനായി ചെലവഴിക്കുന്നുണ്ട്. 2015-16 വർഷം ഈ വാഹനത്തിന്റെ ഇൻഷ്വറൻസ് പ്രീമിയം അടക്കുന്നതിനായി രൂ:7654/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ വഹനത്തിന്റെ ലോഗ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലുള്ള വാഹനങ്ങളുടെ പരിപാലനം KERALA MUNICIPALITY (USE AND MAINTENANCE OF MOTOR VEHICLES) RULES 2000 പ്രകാരം ആയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

3. വയോമിത്രം പദ്ധതിക്ക് മരുന്ന് വാങ്ങാൻ സർക്കാർ അനുമതിയില്ല:

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതിക്കായി മരുന്ന് വാങ്ങി നൽകുന്നതിനായി 122/16:വയോമിത്രം ഓഫീസിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി രൂ:300,000/- റോഡിതര മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.5/8.1.16 കാണുക). വയോമിത്രം പദ്ധതിക്ക് മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ച് മരുന്ന് വാങ്ങി നൽകാൻ സർക്കാർ അനുമതി നൽകിയിട്ടില്ല. ഷൊർണ്ണൂർ സർക്കാർ ആശുപത്രിയിൽ ജീവിത ശൈലീ രോഗങ്ങൾക്കുള്ള ക്ലിനിക്കിലൂടെ എല്ലാ വ്യാഴാഴ്ച്ചയും

വിതരണം ചെയ്യുന്ന മരുന്നുകൾക്ക് സമാനമായ മരുന്നുകളാണ് ഈ പദ്ധതിയിലൂടെ വയോമിത്രം ഓഫീസിലേക്ക് വാങ്ങി നൽകിയിത്. ഡി.ഡി.നം.019697/14.1.16 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് രൂ:300000/- നൽകിയതിൽ 2016 ജനവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിലായി രൂ:155821/-ന്റെ മരുന്നുകൾ ലഭ്യമായതിൽ ചില മരുന്നുകൾ നാളിതുവരെ ഉപയോഗിക്കേണ്ടി വന്നിട്ടില്ല. Aten 25mg 3000 എണ്ണവും Aten 50mg 9000 ഗുളികകളും ഇപ്പോൾ സ്റ്റോക്ക് ബാലൻസുണ്ട്. ശരിയായി ആവശ്യകത വിലയിരുത്തി മാത്രം മരുന്നുകൾ ഓർഡർ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. സാധാരണ ഗതിയിൽ ഉപയോഗിക്കാത്ത മരുന്നുകൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഹെഡ് ഓഫീസ് നിർദ്ദേശിക്കുന്ന ഇടങ്ങളിലേക്ക് അയക്കുകയാണ് ചെയ്യുന്നത്.

ഷൊർണ്ണൂർ നഗരസഭയുടെ മെയ്ന്റൻസ് ഗ്രാന്റ് സർക്കാർ നിർദ്ദേശങ്ങൾക്കനുസരണമായും നഗരസഭയിലെ ജനങ്ങൾക്ക് ഏറ്റവും പ്രയോജനം ചെയ്യുന്നവിധവും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 ഹെൽത്ത് ഓഫീസർ നടപ്പാക്കിയ പദ്ധതികൾ

ആകെ അംഗികാരം ലഭിച്ച 8 (5പുതിയതും 3 സ്പിൽ ഓവറും) പദ്ധതികളിൽ 6 (3പുതിയതും 3 സ്പിൽ ഓവറും) പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എല്ലാ പദ്ധതികളുടെയും ഫയലുകൾ പരിശോധനക്ക് വിധേയമാക്കി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 8 | 6 | 3765838 | 1496638 | 39.74 |

പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.ക്ലബ്ബുകൾ സ്പോർട്സ് കിറ്റ് കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കണം

97/16:ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് 2014-15 എന്ന സ്പിൽ ഓവർ പദ്ധതിക്കായി രു:100000/- Finance Commission Grantൽ നിന്നും (ബിൽ നം.1/17.9.16) ചെലവഴിച്ച് 50 വോളി ബോളുകളും 50 ക്രിക്കറ്റ് ബാറ്റുകളും 25 വോളിബോൾ നെറ്റുകളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ക്ലബ്ബുകൾ ഇവ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്പോർട്ട്സ് കിറ്റിൽ അടങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ക്ലബ്ബുകളിൽ നിന്നും രസീതി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2. എസ്. സി. ഗുണഭോക്താക്കൾക്ക് പൈപ്പ് കണക്ഷൻ ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയ തുകയുടെ വിനിയോഗ വിവരം ഹാജരാക്കണം

എസ്.സി. പൈപ്പ് ലൈൻ കണക്ഷൻ 2015-16(79/16) എന്ന പദ്ധതിക്കായി പ്ലാൻ (എസ്.സി.പി.) ഫണ്ടിൽ നിന്നും വകയിരുത്തിയ രൂ:623638/- ബിൽ നം.4/17.9.15 പ്രകാരം മാറി ഷൊർണ്ണൂർ ജല അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

139 ഗുണഭോക്താക്കൾക്ക് പൈപ്പ് കണക്ഷൻ ലഭ്യമാക്കാനാണ് ഈ തുക മുൻകൂറായി ജല അതോറിറ്റിക്ക് നൽകിയത്. എന്നാൽ എത്ര പേർക്ക് കണക്ഷൻ നൽകിയെന്നോ എത്ര തുക വിനിയോഗിച്ച എന്നോ ഉള്ള വിവരം ലഭ്യമായിട്ടില്ല. തുകയുടെ വിനിയോഗം ഉറപ്പുവരുത്തി, ജല അതോറിറ്റി വശം ചെലവഴിക്കാതെ തുക അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കണം.

# 3-13 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതികൾ

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ അംഗികാരം ലഭിച്ച 11 (9പുതിയതും 3 സ്പിൽ ഓവറും) പദ്ധതികളിൽ 6 (4പുതിയതും 2സ്പിൽ ഓവറും) പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പൊതുവിഭാഗം പദ്ധതി ഫണ്ടിൽ നിന്നും രൂ:50000/- വകയിരുത്തി മുൻ വർഷം ആവിഷ്കരിച്ച എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന സ്പിൽ ഓവർ പ്രോജക്ട് ഈ വർഷവും നടപ്പാക്കിയിട്ടില്ല. എല്ലാ പദ്ധതികളുടെയും ഫയലുകൾ പരിശോധനക്ക് വിധേയമാക്കി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 11 | 9 | 14625000 | 5584410 | 38.184 |

പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കാൻ നടപടിയുണ്ടാവണം.

പ്ലാൻ (എസ്.സി.പി.) ഫണ്ടിൽ നിന്നും രൂ:7200000/- വകയിരുത്തി 60 ഗുണഭോക്താക്കൾക്ക് 2 ഗഡു (30000 + 60000) ആവിഷ്കരിച്ച 70/16: ഇ.എം.എസ്.ഭവന നിർമ്മാണം (എസ്.സി.പി.) 2015-16 എന്ന പ്രോജക്ടിനായി തൻവർഷം രൂ:1620000/- (54*30000) പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി സ്പിൽ ഓവറായി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നുണ്ട്. പദ്ധതി ലക്ഷ്യമിട്ട പ്രകാരം 60 ഭവനങ്ങൾ പൂർത്തീകരണം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. ട്രഷറിയിൽ നിന്നും തുക പിൻവലിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം | തുക |
|---|---|
| 32/30.3.16 | 1230000 |
| 33/30.3.16 | 390000 |

2.വീട് റിപ്പയർ പൂർത്തീകരിക്കാൻ നടപടിയുണ്ടാവണം

93/16: വീട് റിപ്പയർ (എസ്.സി) എന്ന സ്പിൽഓവർ പ്രോജക്ടിനായി പൊതുവിഭാഗം പദ്ധതി ഫണ്ടിൽ നിന്നും തൻ വർഷം അനുവദിച്ച രൂ:575000/-ൽ രൂ:207500/- ചെലവഴിച്ചിട്ടുണ്ട്. 25 ഗുണഭോക്താക്കൾക്ക് രൂ:25000/- വീതം വകയിരുത്തി രൂ:625000/- അടങ്കലായി 2014-15 വർഷം ആവിഷ്കരച്ച പദ്ധതിക്കായി 14-15ൽ രൂ:50000/- ചെലവഴിച്ചിരുന്നു. പദ്ധതി ഇപ്പോഴും സ്പിൽ ഓവർ ആയി തുടർന്നുവരുന്നുണ്ട്. അദ്യ ഗഡു കൈപ്പറ്റിയ മുഴുവൻ പേരും റിപ്പയർ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കണം.

# 3-14 ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ- പ്രൊജക്ട് ഓഫീസർ , ദാരിദ്ര്യ നഗരകാര്യ ലഘൂകരണ വിഭാഗം

പ്രസതുത കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ടോയ്ലറ്റ്, ബയോഡൈജസ്റ്റർ എന്നിവ പണിതുനൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ നോഡൽ ഏജൻസി ശുചിത്വ മിഷനും ഇംപ്ലിമെന്റിംഗ് ഏജൻസി മൈത്രിയുമാണ്. 2009 വർഷത്തിൽ തയ്യാറാക്കിയ ഡീറ്റൈൽഡ് പ്രൊജക്ട് റിപ്പോർട്ട് പ്രകാരം 1396 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ നിർവഹണ ഏജൻസിയായ മൈത്രിയുമായി 2009 വർഷത്തിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ഡിപിആർ പ്രകാരം പദ്ധതിയുടെ അടങ്കൽ 15164303 രൂപയാണ്. ഫണ്ട് തിരിച്ചുള്ള അടങ്കലിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ഗവ.ഓഫ് ഇൻഡ്യ- 10039819

നഗരസഭാവിഹിതം- 2659789

ഗുണഭോക്തൃവിഹിതം- 2464695

ആകെ 15164303

ഇതിൽ മൈത്രിയുടെ നിർവഹണചാർജായ 1977953 രൂപയും ഉൾപ്പെടുന്നു. പദ്ധതിയുടെ നിർവഹണകാലാവധി 31.3.2015 വരെയാണ്. എന്നാൽ നാളിതുവരെയും പദ്ധതി പൂർത്തീകരിച്ചിട്ടില്ല

ഈ പദ്ധതിയുടെ ഫയൽ കൃത്യമായി സൂക്ഷിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ തികഞ്ഞ അലംഭാവമാണ് കാണിച്ചിട്ടുള്ളത് (നം.സിഡിഎസ്/10874/15). ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) നാളിതുവരെ എത്ര ഫണ്ട് ലഭ്യമായെന്നോ എത്ര ഫണ്ട് മൈത്രിക്ക് നൽകിയെന്നത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഫയലിൽനിന്നും ലഭ്യമല്ല. പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ട് ഇടക്കിടെ ഗവൺമെന്റിൽനിന്നും ആവശ്യപ്പെടാറുള്ളത് അയക്കുന്നത് സംബന്ധിച്ച് നോട്ട് ഫയലിൽ രേഖപ്പെടുത്തിക്കാണുന്നുണ്ടെങ്കിലും കറസ്പോണ്ടൻസ് ഫയലിൽ യാതൊരു

രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല.

2) നാളിതുവരെ എത്ര ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ള വിവരങ്ങൾ നഗരസഭയുടെ രേഖകളിൽ നിന്നും ലഭ്യമല്ല. നഗരസഭ ഈ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തേണ്ടതാണെന്ന് എഗ്രിമെന്റ് വ്യവസ്ഥയിൽ പറഞ്ഞിട്ടുണ്ടെങ്കിലും അത്തരത്തിൽ നഗരസഭ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

3) മൈത്രിയുടെ 31.3.16 ലെ D074/ILCS/SHR/16-02 കത്ത് പ്രകാരം 1356 ഗുണഭോക്താക്കളിൽ 1222പേരുടെ പണി പൂർത്തീകരിക്കുകയും ഇതിനാവശ്യമായ1886600 രൂപയിൽ കൈപ്പറ്റിയ തുക 1886600കഴിഞ്ഞുള്ള ബാക്കി തുകയായ 368600 രൂപ ലഭ്യമാക്കേണ്ടതാണെന്നും അറിയിച്ചിരിക്കുന്നു. മൈത്രിയുടെ 28.5.16 ലെ D079/ILCS /SHR/16-03 കത്ത് പ്രകാരം 1357 ഗുണഭോക്താക്കളിൽ 1301 പേർ ഗുണഭോക്തൃവിഹിതം അടക്കുകയും 1211പേരുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇതിനാവശ്യമായ11491163 രൂപയിൽ 10916690 രൂപ ലഭ്യമായിട്ടുണ്ടെന്നും ബാക്കി തുകയായ 617077 രൂപ ലഭ്യമാക്കേണ്ടതാണെന്നും അറിയിച്ചിരിക്കുന്നു. ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മൈത്രിയുടെ തന്നെ 5.11.16 ലെ D0/ILCS/SHR/16-02 കത്ത് പ്രകാരം ആകെയുള്ള 1356 ഗുണഭോക്താക്കളിൽ 1301 പേർ ഗുണഭോക്തൃവിഹിതം അടക്കുകയും 1290പേരുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ള 66 ഗുണഭോക്താക്കൾക്ക് ആവശ്യമായ738000 രൂപയിൽ 120923 രൂപ ബാങ്കിൽ ഉണ്ടെന്നും ബാക്കി തുകയായ 617077 രൂപ ആവശ്യമുണ്ടെന്നും പ്രസ്തുത തുകകൾ വാർഡ് കമ്മറ്റികൾക്ക് കൈമാറുവാനും അറിയിച്ചിട്ടുണ്ട്. ഈ രണ്ട് കത്തുകളിലും പറഞ്ഞിട്ടുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണത്തിലും പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് ആവശ്യപ്പെട്ട തുകയിലും വ്യത്യാസമുണ്ട്. കൂടാതെ നഗരസഭ നോഡൽ ഏജൻസിയായ ശുചിത്വ മിഷന് നൽകിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ (നം.E3/Cds/4908/09 dated1.8.16 ) 1323 യൂണിറ്റുകളാണ് സാങ്ഷൻ ചെയ്തിട്ടുള്ളതെന്ന് കാണിച്ചിരിക്കുന്നു. ഇതിൽനിന്നും ആകെയുള്ള യൂണിറ്റുകളുടെ എണ്ണത്തിൽ വൈരുദ്ധ്യവും അവ്യക്തതയും നിലനിൽക്കുന്നു. ഇത്തരത്തിൽ മൈത്രി പലപ്പോഴായി അനുവദിക്കുന്ന കണക്കുകൾക്കനുസരിച്ച് തുക അനുവദിക്കുന്ന പ്രവണതയാണ് കാണുന്നത്.

31.3.16 തീയതി വരെയുള്ള ചെലവുകളുടെ യൂട്ടിലൈസേഷൻ ശുചിത്വമിഷന് നൽകിയതിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽനിന്നും ലഭിച്ച 10088000 രൂപയും മുനിസിപ്പൽ ഫണ്ടായി 2817725 രൂപയും സംസ്ഥാനസർക്കാരിൽനിന്ന് ലഭ്യമായ 888750 രൂപയും ഉൾപ്പെടെ 13794475 അക്കൗണ്ടിൽ നിക്ഷേപിച്ചതായും ആയതിൽ നിന്ന് 13324163 രൂപ വിനിയോഗിച്ചതായും ബാക്കി 470312 രൂപ അക്കൗണ്ടിൽ ബാലൻസുള്ളതായും വ്യക്തമാക്കിയിട്ടുണ്ട്. ഡിപിആർ പ്രകാരം നഗരസഭയുടെ വിഹിതം 2659789 രൂപയാണ്. 31.3.16 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 157936 രൂപ അധികമായി നൽകിയതായി കാണുന്നു (2817725 – 2659789). മാർച്ച് മാസത്തിൽ മൈത്രി ലഭ്യമാക്കിയ കത്തിൽ 1886600 രൂപ ലഭിച്ചതായാണ് കാണിച്ചിരിക്കുന്നത്. പദ്ധതിയിൽ വകയിരുത്തിയതിനെക്കാൾ തുക ഇപ്പോൾതന്നെ അധികമായാണ് ചെലവഴിച്ചിരിക്കുന്നത്.

4) 2015-16ല വർഷത്തിൽ ഐ എൽസി എസ് (നഗരസഭാവിഹിതം) എന്ന പേരിൽ 63/15 നമ്പറിൽ പദ്ധതിഫണ്ട് വകയിരുത്തി ബിൽനം. 3/17.8.15 പ്രകാരം 200000 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് ഐഎൽസി എസിനുവേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയത് നാളിതുവരെ മൈത്രിക്ക് നൽകിയിട്ടില്ല. 31.3.16 ലെ യൂട്ടിലൈസേഷൻപ്രകാരം നഗരസഭാഫണ്ടിൽനിന്ന് അധികമായി 157936 രൂപ നൽകിയിട്ടുണ്ട്. വകയിരുത്തിയതിനെക്കാൾ അധികം തുക നൽകികഴിഞ്ഞിട്ടുള്ളതിനാൽ പദ്ധതിഫണ്ടിൽ നിന്നും പിൻവലിച്ച തുക 200000/- രൂപ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്

5) ഐഎൽസിഎസിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും ( അക്കൗണ്ട്നം.11000000034 പഞ്ചാബ് നാഷണൽ ബാങ്ക്) താഴെപ്പറയുന്ന ചെക്കുകൾ മുഖേന തുകകൾ പിൻവലിച്ചിരിക്കുന്നു. എന്നാൽ ഈ തുകകൾ കൈപ്പറ്റിയവരുടെ രസീതിയോ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ചെക്ക് നം./തീയതി | തുക | ആർക്കു നൽകുന്നതിന് |
|---|---|---|
| 943927/5.1015 | 115852 | ശുചിത്വ മിഷന് നൽകുന്നതിന് |
| 943928/5.1.16 | 100000 | മൈത്രിക്ക് നൽകുന്നതിന് |
| 943929/31.3.16 | 315000 | മൈത്രിക്ക് നൽകുന്നതിന് |

തുകകൾ അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും നിർവഹണ ഏജൻസി തുക കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല.

31.3.16 തീയതിയിൽ ബാങ്ക് അക്കൗണ്ടിൽ 936474.92 രൂപ അവശേഷിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ

1)നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് എഗ്രിമെന്റിൽ വ്യക്തമാക്കിയതു പ്രകാരം നഗരസഭയുടെ ഭാഗത്തുനിന്നും കൃത്യമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഈ പദ്ധതിയുടെ മോണിട്ടറിംഗ് കമ്മറ്റി ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

2)നാളിതുവരെ ചെലവാക്കിയ തുക സംബന്ധിച്ച് വിശദമായ പരിശോധന നടത്തി മൈത്രിക്ക് അധികം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

3)പദ്ധതി കാലാവധി അവസാനിച്ചെങ്കിലും ഇപ്പോഴും മുഴുവൻ ഗുണഭോക്താക്കളുടെയും പണികൾ പൂർത്തീകരിച്ചിട്ടില്ല. അടിയന്തിരമായി പദ്ധതി പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

4) വിവിധ ഫണ്ടുകൾ വരവായതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ കാണിക്കുന്നതിന് ഫണ്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

5) ഗുണഭോക്താക്കൾ നിർവഹിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ വാല്വേഷൻ എടുത്ത് രേഖകൾ സൂക്ഷിക്കേണ്ടതാണ്. ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിലേക്ക് നിർവഹണ ഉദ്യോഗസ്ഥന് കർശന നിർദ്ദേശം നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതിയുടെ

നടത്തിപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യപ്പെടുന്നു.

## 3-15 എസ് ജെ എസ് ആർ വൈ പദ്ധതി - കാലാവധിക്കു മുമ്പ് തുക ചെലവഴിച്ചില്ല

കുടുംബശ്രീ മിഷനിൽ നിന്നും 2008-09 വർഷത്തിൽ 1722409 രൂപ ലഭ്യമായതായും ആയത് നഗരസഭാ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായും CDS/7389/07നം. ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ ഈ തുക നാളിതുവരെയും എസ് ജെ എസ് ആർ വൈ ഫണ്ടിലേക്ക് ലഭ്യമാക്കുകയോ ചെലവാക്കുകയോ ചെയ്തിട്ടില്ല. (2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് പരാമർശമുണ്ട്)

2015-16 വർഷത്തിൽ എസ്ജെഎസ്ആർവൈ പദ്ധതിയിൽ നിന്നും തുകയൊന്നും ചെലഴിച്ചിട്ടില്ല. അക്കൗണ്ടിൽ 31.3.16 തീയതിയിൽ 1755762 രൂപ നീക്കിയിരിപ്പുണ്ട്. ചെലവഴിക്കാത്ത തുക തിരിച്ചടക്കുന്നതിന് കുടുംബശ്രീ മിഷനിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു. നഗരസഭക്ക് ഫലപ്രദമായി വിനിയോഗിക്കാമായിരുന്ന തുക സമയബന്ധിതമായി ചെലവഴിക്കാത്തതിനാൽ നഷ്ടമാകുന്നതിന് ഇടയാക്കി.

## 3-16 കമ്പ്യൂട്ടർവൽക്കരണം-പദ്ധതി ഫണ്ട് വകമാറ്റി ചെലവഴിച്ചു

പ്രൊജക്ട് – കമ്പ്യൂട്ടർവൽക്കരണം

പ്രൊജക്ട് നം - (73/16)

അടങ്കൽ – പ്ലാൻ (ജ)- 600000/-

ചെലവ് - 407599

ബിൽ നം - 11/17.9.15 – 126195

- 21/12.11.15 – 19950

- 34/27.1.16 - 42629

- 52/ 29.3.16 - 218825

പദ്ധതി ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം സ്റ്റേഷനറി ഇനങ്ങൾ വാങ്ങുന്നതിനും ടോണർ റീഫിൽ ചെയ്യുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം | ഇനം | തുക |
|---|---|---|
| 11/17.9.15 | ഗ്രാമലക്ഷ്മി മുദ്രാലയം | 47850 |

| | | |
|---|---|---|
| | ഫോംസ്,A4, A3 – പേപ്പറുകൾക്ക് ചെലവായ തുക recoup ചെയ്തത് | |
| | Claudice, pattambi<br>ടോണർ റീഫിൽ | 9500 |
| 21/12.11.16 | " | 19950 |
| 52/29.3.16 | " | 15048 |
| 34/27.1.16 | " | 2700 |
| " | ടെക്നോവിഷൻ - റിപ്പയർ ചാർജ് | 8070 |
| ആകെ | | 103118 |

പദ്ധതി ഫണ്ടിൽ നിന്നും സ്റ്റേഷനറി, ദൈനംദിന ചെലവുകൾ എന്നിവയ്ക്ക് തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/9.1.17 ) മറുപടിയായി തനത് ഫണ്ട് നീക്കിയിരുപ്പ് അപര്യാപ്തമായതിനാലാണ് പ്ലാൻ ഫണ്ട് വിനിയോഗിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമായുള്ള പദ്ധതികൾക്കായി അനുവദിക്കപ്പെട്ട പദ്ധതിഫണ്ട് സ്റ്റേഷനറി ചെലവുകൾക്കായി വകമാറ്റി ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല. ചെലവ് തുകയായ 103118 രൂപ തടസ്സപ്പെടുത്തുന്നു. തനത്ഫണ്ടിൽ നിന്നും തുക സർക്കാരിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 ഇന്റർകോം സ്ഥാപിക്കൽ പദ്ധതി - പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല

നഗരസഭ ഓഫീസിൽ ഇന്റർകോം സ്ഥാപിക്കൽ പദ്ധതിക്കായി താഴെ പറയുന്ന രണ്ട് പ്രൊജക്റ്റുകളിലായി ആകെ 141000/- രൂപ ചെലവഴിച്ചിട്ടുണ്ട്

| പ്രൊജക്റ്റ് നം | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 280/15 | മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 121973 | 121973 |
| 265/16 | പ്ലാൻ(ജ) | 21000 | 19027 |

നഗരസഭ ഓഫീസിൽ ഇന്റർകോം സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും 4 ടെണ്ടർ ലഭിക്കുകയും ചെയ്തു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് netcom marketing services – 110884.55 എന്ന സ്ഥാപനമാണ്. എം. ഇ.യോട് പരിശോധിക്കുവാൻ ആവശ്യപ്പെട്ട് 8.5.15 ന് ഫയൽ കൈമാറുകയും എം.ഇ. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാവുന്നതാണ് എന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് സെക്രട്ടറി

സാങ്കേതികപരിശോധനക്കായി ലഭിച്ച ടെണ്ടറുകൾ NSS. Eng. College ന് നൽകുകയും 30.6.15 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാകുകയും ചെയ്തു.

1. "netcom marketing -ടെലഫോൺ ഇൻസ്ട്രുമെന്റ്സ്, പ്രൊട്ടക്ടീവ് സിസ്റ്റം എന്നിവയുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

2. അടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Chand communication ന്റെ ടെണ്ടർ സ്വീകരിക്കാം"

നെറ്റ്കോം 1-7-15 ന് സെക്രട്ടറിക്ക് നൽകിയ കത്തിൽ

'ടെണ്ടറിൽ ആവശ്യപ്പെടാതിരുന്നതിനാലാണ് പ്രസ്തുത സ്പെസിഫിക്കേഷനുകൾ പ്രത്യേകം രേഖപ്പെടുത്താതിരുന്നത് എന്നും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുവാൻ തയ്യാറാണ് എന്നും ചാന്ദ് കമ്മ്യൂണിക്കേഷന് വാറ്റ് രജിസ്ട്രേഷൻ, കമ്പനി ഓതറൈസേഷൻ എന്നിവ ഇല്ല എന്ന് ടെണ്ടർ ഓപ്പൺ ചെയ്ത സമയത്ത് നഗരസഭയെ അറിയിച്ചിരുന്നു '

എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് ചാന്ദ് കമ്മ്യൂണിക്കേഷന് ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നഗരസഭ കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ചെയർമാന്റെ നിർദേശപ്രകാരം സിഡ്കോയിൽ നിന്നും ഇൻവോയ്സ് ലഭ്യമാക്കുകയും 29.9.15 ലെ ഭരണസമിതി തീരുമാനപ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. അടങ്കലിനെക്കാൾ ഉയർന്ന തുകയായ 141000/- രൂപയ്ക്കാണ് സിഡ്കോ ഇന്റർ കോം നൽകിയത്. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച സ്ഥാപനത്തെ - 110884 ഒഴിവാക്കി 141000 രൂപയ്ക്ക് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിനാൽ നഗരസഭക്ക് അധികചെലവുണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം - 12/9.1.17 ന് മറുപടിയായി ഗുണമേന്മ പരിഗണിച്ചാണ് സിഡ്കോയിൽ നിന്നും ഉയർന്ന നിരക്കിൽ പർച്ചേസ് നടത്തിയത് എന്നാണ് അറിയിച്ചത്. പ്രൊക്യൂർമെന്റ് മാർഗരേഖ ജി.ഒ (പി) 259/2010/LSGD/ 8.11.10 പ്രകാരം 100000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടറിംഗ് രീതി അവലംബിക്കേണ്ടതാണ്. ബഡ്ജറ്റ് വിഹിതത്തിലും ഉയർന്ന നിരക്കിലുള്ള ടെണ്ടറുകൾ നിരസിക്കേണ്ടതാണ് എന്നും മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടെണ്ടർ ക്ഷണിച്ചശേഷം അവ ഒഴിവാക്കി ഇന്റർകോം സിസ്റ്റം സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയ നടപടി നിയമാനുസൃതമല്ല. ആവശ്യമായ സ്പെസിഫിക്കേഷന്റെ വിവരം ടെണ്ടർ ക്ഷണിക്കുമ്പോൾ നിർവഹണഉദ്യോഗസ്ഥൻ വ്യക്തമാക്കേണ്ടതായിരുന്നു. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെടാത്ത അധികവിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ടെങ്കിൽ ടെണ്ടർ നൽകിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വിവരം ആവശ്യപ്പെടാവുന്നതുമായിരുന്നു. ടെണ്ടർ നടപടിക്രമങ്ങൾ നിയമാനുസൃത സമയപരിധിക്കകം പൂർത്തിയാക്കാനാകും വിധം ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതെയും ആവശ്യകത കൃത്യമായി നിർണ്ണയിക്കാതെയും പദ്ധതി നടപ്പിലാക്കിയതിനാൽ പദ്ധതി ഫണ്ടിന് 30116/- രൂപ അധികചെലവുണ്ടായി. കൂടാതെ പദ്ധതിക്കായി 121973/- രൂപ ചെലവഴിച്ചത് മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) ഫണ്ടിൽ നിന്നാണ്. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനായി അനുവദിക്കുന്ന ഫണ്ട് നഗരസഭയ്ക്ക് ആസ്തി

സൃഷ്ടിക്കുന്നതിന് വകമാറ്റി ചെലവഴിച്ചത് ക്രമപ്രകാരമല്ല. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ നടത്തിയ പർച്ചേസിന് ചെലവഴിച്ച 141000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 ആർട്സ് ക്ലബുകളുടെ പത്രവരിസംഖ്യ നൽകുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു

പ്രൊജക്ട് – കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വിവിധ ബില്ലുകൾ

പ്രൊജക്ട് നം - 74/16

ഫയൽ നം - A2- 10845/15

അടങ്കൽ - 400000(മെയിന്റനൻസ് ഗ്രാന്റ്( നോൺറോഡ്)

ചെലവ് - 395606

ബിൽ നം - 14/26.9.15 – 207645

- 50/ 23.3.16 – 25369

- 51/ 29.3.16 - 162592

നഗരസഭക്ക് കൈമാറികിട്ടിയ സ്ഥാപനനങ്ങളുടെ ഇലക്ട്രിസിറ്റി ചാർജ്, വെള്ളക്കരം, വാടക, റിപ്പയർ ചാർജ് തുടങ്ങിയവയുടെ ബില്ലുകൾ ഒടുക്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ നഗരസഭയിലെ സ്പോർസ് & ആർട്സ് ക്ലബുകളിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ വിതരണം ചെയ്ത ദിനപത്രങ്ങളുടെ കുടിശ്ശികവരിസംഖ്യ നൽകുന്നതിനായി പദ്ധതിയിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം | പത്രഏജന്റ് | തുക |
|---|---|---|
| 14/26.9.15 | അസീസ് | 3783 |
| " | ഉണ്ണികൃഷ്ണൻ | 4680 |
| 50/ 23.3.16 | സി.എസ്.ഗോപാലകൃഷ്ണൻ | 7550 |
| 51/ 29.3.16 | മധുസൂദനൻ | 12260 |
| " | സി.എസ്.ഗോപാലകൃഷ്ണൻ | 4584 |
| " | വി.പി.ശശിധരൻ | 13104 |
| ആകെ | | 45961 |

ക്ലബ്ബുകളിലെ പത്രവിതരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നതല്ല. തനത്ഫണ്ട് കുറവായതിനാലാണ് ഗ്രാന്റിൽ നിന്നും വരിസംഖ്യ കുടിശ്ശിക നൽകിയത് എന്ന മറുപടി (എൻക്വയറി നം -12/9.1.17) അംഗീകരിക്കാവുന്നതല്ല.

നഗരസഭക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആസ്തിസംരക്ഷണത്തിനായി പ്രത്യേകമായി അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാവുന്നതല്ല (ജി.ഒ. (എം.എസ്) - 330/lsgd/9.12.2004). ദിനപത്ര വരിസംഖ്യ നൽകുന്നതിനായി മെയിന്റനൻസ് ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ച 45961/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-19 വയോമിത്രം പദ്ധതിക്കായി മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

പ്രൊജക്ട് – വയോമിത്രം

പ്രൊജക്ട് - 238/16

അടങ്കൽ - 100000/- (മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്))

ചെലവ് – 99995
ബിൽ നം. – 16/13.10.15 – 70320/-
ബിൽ നം. – 30/30.12.15 – 17995/-
ബിൽ നം. – 32/26.2.15 – 11680/-

ലോകവയോജനദിനം ആചരിക്കുന്നതിനായി പദ്ധതിപ്രകാരം താഴെ പറയുന്ന ചെലവുകൾക്കായി തുക വയോമിത്രം കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| കാറ്ററിംഗ് | 42000 |
| ഓഡിറ്റോറിയം വാടക, ക്ലീനിംഗ് ചാർജ്, വീഡിയോഗ്രാഫി, പ്രിന്റിംഗ് ചാർജ് | 28320 |
| ഏകദിനവിനോദയാത്ര | 17995 |
| വയോമിത്രം ഓഫീസിനുള്ള സ്റ്റേഷനറി | 11680 |
| ആകെ | 99995 |

മെയിന്റനൻസ് ഗ്രാന്റ് നഗരസഭക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി

മാത്രമാണ് വിനിയോഗിക്കാവുന്നത്. വയോമിത്രം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നടപ്പിലാക്കുന്ന പ്രൊജക്ടാണ്. മിഷൻ ഫണ്ട് ഉപയോഗിച്ചാണ് വയോമിത്രം പദ്ധതി നടപ്പിലാക്കേണ്ടത്. സോഷ്യൽ സെക്യൂരിറ്റി മിഷന് സംഭാവനയായി തൻവർഷം നഗരസഭ 300000/- രൂപ നൽകിയിട്ടുമുണ്ട്. വയോമിത്രം നഗരസഭക്ക് കൈമാറികിട്ടിയ സ്ഥാപനമല്ല. പ്രസ്തുത സ്കീം നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾക്കനുസൃതമായി മാത്രം ചെലവഴിക്കേണ്ട മെയിന്റനൻസ് ഗ്രാന്റ് സർക്കാറിന്റെ മുൻകൂർ അനുമതി ലഭ്യമാക്കാതെ വകമാറ്റി ചെലവഴിച്ചത് അംഗീകരിക്കുന്നില്ല.സർക്കാർ ഗ്രാന്റുകൾ വകമാറ്റി ചെലവഴിച്ചതിന് ( 99995/- രൂപ) സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-20 സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകുന്നതിന് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

പ്രൊജക്ട് – കെ.എസ്.എസ്.എം. വിഹിതം

പ്രോജക്ട് നം - 237/16

അടങ്കൽ - 300000 (മെയിന്റനൻസ് ഗ്രാന്റ്)

ബിൽ നം - 12/21.8.15 – 300000

പദ്ധതി പ്രകാരം സോഷ്യൽ സെക്യൂരിറ്റി മിഷന് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 300000/- രൂപ സംഭാവനയായി നൽകിയിട്ടുണ്ട്. സ.ഉ.1209/13/Lsgd/6.5.13 പ്രകാരം തനത്ഫണ്ട് / പ്ലാൻ ഫണ്ടിൽ നിന്ന് മാത്രമാണ് സോഷ്യൽ സെക്യൂരിറ്റി മിഷന് സംഭാവന നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുള്ളത്. തനത്ഫണ്ട് അപര്യാപ്തമായതിനാലാണ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് എന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്.(ഓഡിറ്റ് എൻക്വയറി നം-12/9.1.17 മറുപടി)

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗരേഖ ജി.ഒ.(എം.എസ് - 330/lsgd/9.12.2004) 4.8. പ്രകാരം മെയിന്റനൻസ് ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റുവാൻ പാടുള്ളതല്ല. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിനായി സർക്കാർ അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 300000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-21 ചെലവഴിക്കാത്ത പദ്ധതി ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത് തിരിച്ചടക്കേണ്ടതാണ്

പ്രൊജക്ട് – ആണ്ടികുന്ന് കോളനി കുടിവെള്ള പദ്ധതി
പ്രൊജക്ട് നം - 43/12 (പ്ലാൻ-എസ്.സി.പി)

പദ്ധതി പ്രകാരം 2009-10 വർഷത്തിൽ 410000 രൂപയും 2011-12 ൽ 1000000 രൂപയും (ആകെ 14,10,000 രൂപ) വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. കുടിവെള്ളപദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ സെന്റേജ് ചാർജായ 56273/- കുറച്ച് ബാലൻസ് തുകയായ 1353727/- രൂപ (ചെക്ക് നം -9563/18.10.12)നഗരസഭക്ക് തിരികെ നൽകിയിട്ടുണ്ട്. തുക പി.എൻ.ബി .A/C no -43 ൽ നിക്ഷേപിക്കുകയും ചെയ്തു. പുതിയ പദ്ധതിക്കായി ഫണ്ട് വിനിയോഗിക്കാൻ കൗൺസിൽ തീരുമാനിച്ചെങ്കിലും നടപ്പിലായില്ല. 31-3-16 ന് പ്രസ്തുത അക്കൗണ്ടിൽ 1709553 രൂപ നീക്കിയിരുപ്പുണ്ട്. പ്ലാൻഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതായിരുന്നു. മറ്റു പദ്ധതികൾക്ക് വിനിയോഗിക്കുവാൻ സർക്കാർ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. പ്ലാൻ ഫണ്ട് നഗരസഭയുടെ ബാങ്ക് അക്കൗണ്ടിൽ വർഷങ്ങളോളം സൂക്ഷിച്ചത് ക്രമപ്രകാരമല്ല. തുക പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-22 സ്വാമി വിവേകാനന്ദപാർക്ക് നിർമ്മാണം - പദ്ധതി നടപ്പിലാക്കിയില്ല

ഫയൽ നം - C1-2073/12

സ്വാമി വിവേകാനന്ദന്റെ 150 -ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി പ്രതിമയും പാർക്കും സ്ഥാപിക്കുന്നതിനായി Sports & Youth Affairs ൽ നിന്നും നഗരസഭക്ക് 25 ലക്ഷം രൂപ G.O(Rt)146/13/S&YA പ്രകാരം 30.6.14 ന് (ചെക്ക് നം - 1967025/30.6.14) ലഭിക്കുകയും PNB A/C 892 ൽ 5.8.14 ന് നിക്ഷേപിക്കുകയും ചെയ്തു. സെക്രട്ടറിയും യുവജനക്ഷേമബോർഡും തമ്മിലുള്ള കരാർ പ്രകാരം 2013-14 സാമ്പത്തികവർഷം പ്രവൃത്തി പൂർത്തിയാക്കേണ്ടതും 3 മാസത്തിനകം വിനിയോഗരേഖകൾ നൽകേണ്ടതുമായിരുന്നു. എന്നാൽ നാളിതുവരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. സ്ഥലം വിട്ടുകിട്ടുന്നതിനായി PWD ക്ക് നഗരസഭ കത്തു നൽകിയെങ്കിലും അനുമതി ലഭിച്ചില്ല. കരാർ പ്രകാരം 31-3-14 നകം പദ്ധതി പൂർത്തിയാക്കേണ്ട പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല. പദ്ധതി തുക നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. നഗരസഭയുടെ പ്ലാൻഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നത്. 70 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റാണ് 2014 ൽ തയ്യാറാക്കിയിരുന്നത്. നാല് വർഷം മുൻപ് പ്രതീക്ഷിച്ച എസ്റ്റിമേറ്റ് തുകയിൽ ഭാവിയിൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയില്ല. സ്വാമി വിവേകാനന്ദന്റെ 150 ാം ജന്മവാർഷികമായിരുന്ന 2013 ൽ പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതി നാല് വർഷം കഴിഞ്ഞിട്ടും ആരംഭിക്കുവാൻ പോലും കഴിഞ്ഞിട്ടില്ല. ഫീസിബിലിറ്റി പരിശോധിച്ച് നഗരസഭക്ക് നടപ്പിലാക്കാൻ കഴിയുന്ന പ്രവൃത്തികൾ മാത്രം ഏറ്റെടുക്കുവാനും സമയബന്ധിതമായി അവ പൂർത്തിയാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടപ്പിലാക്കാൻ കഴിയാത്തപക്ഷം തുക സർക്കാരിന് തിരികെ നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-23 വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല

വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ പ്രവർത്തനത്തിനായി വൗച്ചർ നം - 215/10.7.15 പ്രകാരം 330000/- രൂപ (ഫയൽ നം - PH1 – 4703/15 ) പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.. ദാരിദ്രനിർമാർജനവിഭാഗം പ്രൊജക്ട് ഓഫീസറുടെ ഉത്തരവ് പ്രകാരം ലഭ്യമായ തുക വിവിധ വാർഡ്തല ശുചീകരണകമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് തുക ക്രഡിറ്റ് ചെയ്തിട്ടുള്ളത്. കൗൺസിൽ അംഗീകരിച്ച വാർഡ് തല പ്രവർത്തന രേഖ നടപ്പിലാക്കുന്നതിനായാണ് തുക അനുവദിക്കുന്നത്.കാംപൈൻ കഴിഞ്ഞ് ഒരാഴ്ചക്കകം വിനിയോഗരേഖകൾ (ഒറിജിനൽ വൗച്ചർ) സെക്രട്ടറി വാങ്ങിസൂക്ഷിക്കേണ്ടതാണ് എന്ന് സർക്കുലർ നം -22501/DC1/14/28.4.14 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം -15/10.1.17 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. വിനിയോഗവിവരങ്ങൾ ലഭ്യമാകാത്തതിനാൽ 330000/- തടസ്സപ്പെടുത്തുന്നു

## 3-24 തെരുവ് വിളക്കുകളുടെ വിവരം ലഭ്യമല്ല

നഗരസഭയിലെ തെരുവ് വിളക്കുകളുടെ വൈദ്യുതചാർജായി 268492 രൂപ വീതം പ്രതിമാസം തനത് ഫണ്ടിൽ ഒടുക്കുന്നുണ്ട്. എന്നാൽ തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച കണക്കുകൾ നഗരസഭയിൽ ലഭ്യമല്ല. നാളിതുവരെ സംയുക്തപരിശോധന നടത്തുകയോ എണ്ണം കൃത്യമായി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. 27.9.12 ന് വൈദ്യുതിബോർഡ് നൽകിയ കത്ത് പ്രകാരമുള്ള കണക്കുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി വൈദ്യുതബോർഡിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക -831720/- രൂപ 12.8.13 ന് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല എന്നാണ് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുള്ളത്. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ നിർണ്ണയിച്ച് നാളിതുവരെ വൈദ്യുതി ചാർജായി ഒടുക്കിയ തുകയിൽ അധികം നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-25 പൊതുടാപ്പുകളുടെ വെള്ളക്കരം - 5.5 കോടി രൂപ കുടിശ്ശിക

നഗരസഭയിലെ വിവിധ വാർഡുകളിലുള്ള 840 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിവർഷം 66,22,560/-രൂപ നഗരസഭ വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ടതായുണ്ട്. കേരളാ വാട്ടർ അതോറിറ്റിയുടെ 8.11.16 ലെ ഡിമാന്റ് ലെറ്റർ പ്രകാരം പിഴപലിശയടക്കം 55647753/-രൂപ നഗരസഭ ഒടുക്കുവാനുണ്ട്.കുടിശ്ശിക ഏത് കാലയളവ് മുതലുള്ളതാണെന്ന് വ്യക്തമല്ല.കുടിശ്ശികയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ നഗരസഭയിൽ

ലഭ്യമല്ല.പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമല്ല. വാർഡ് കൗൺസിലർമാരിൽ നിന്നും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായ വിവരം ലഭ്യമായിട്ടില്ല. കുടിശ്ശിക സംബന്ധിച്ച കണക്കുകൾ പരിശോധനാ വിധേയമാക്കി വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കേണ്ടതാണ്. നഗരസഭയും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരം ഒടുക്കുന്നതിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്. വെള്ളക്കരം കുടിശ്ശിക കണക്കാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ഫണ്ട് കണ്ടെത്തി തുക ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ ചുമതലപ്പെട്ട ചെലവുകൾ നിർവ്വഹിക്കുന്നതിനു പോലും തനത് ഫണ്ട് തികയാത്ത സാഹചര്യത്തിൽ സ.ഉ (സാധാ) 1275/2009/ത.സ്വ.ഭ.വ/30.5.09 – കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം അനുശാസിക്കും പ്രകാരം പരമാവധി ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടം ഘട്ടമായി കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# 3-26 ലൈബ്രറി സെസ്സ് - 22.22 ലക്ഷം രൂപ ബാധ്യതയായി അവശേഷിക്കുന്നു

വസ്തുനികുതിയോടൊപ്പം നികുതിദായകരിൽ നിന്നും നഗരസഭ പിരിച്ചെടുത്ത ലൈബ്രറിസെസ്സ് സമയപരിധിക്കകം ലൈബ്രറി കൗൺസിലിന് കൈമാറാതെ നഗരസഭയുടെ തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. .ഗവ. സർക്കുലർ നമ്പർ 10086/എൽ3/05/ത.സ്വ.ഭ.വ /20.9.2005 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് ആദ്യ ഗഡു നവംബർ 30 നകവും, രണ്ടാമത്തെ ഗഡു ഏപ്രിൽ 30 നകവും സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കേണ്ടതാണെന്നും, ആയതിന് വീഴ്ച വരുത്തുന്ന പക്ഷം ആ കാലയളവിലെ സെക്രട്ടറിമാരുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി പലിശയടക്കമുള്ള തുക ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. 31.3.16 വരെ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ 2222517 രൂപ നാളിതുവരെ ലൈബ്രറി കൗൺസിലിന് ഒടുക്കിയിട്ടില്ല. പിരിച്ചെടുത്ത ലൈബ്രറി സെസ്സ് അടിയന്തിരമായി ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-27 കേന്ദ്രവിഹിതം പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്

അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി തൻവർഷം ലഭ്യമായ കേന്ദ്രവിഹിതത്തിൽ 615526 രൂപ ചെലവഴിക്കാതെ നഗരസഭയുടെ SBT- 3975 നം അക്കൗണ്ടിൽ 31-3-16 ന് നീക്കിയിരുപ്പുണ്ട്. നിലവിൽ (10.1.17 ന്) പ്രസ്തുത അക്കൗണ്ടിൽ 808491 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.3.9.2010 ലെ 39029/DC3/2010 നം സർക്കുലർ പ്രകാരം

ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ്. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ലഭ്യമാകുന്ന കേന്ദ്രഫണ്ട് തൻവർഷം പദ്ധതികൾ നടപ്പാക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-28 പ്രൊജക്ട് ഓഫീസർ ആശ്രയ പദ്ധതിക്കായി പിൻവലിച്ച തുക ചെലവഴിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ -മെമ്പർ സെക്രട്ടറി, സിഡിഎസ്

2015-16 വർഷത്തിൽ ആശ്രയ രണ്ടാം ഘട്ട പദ്ധതിയുമായി ബന്ധപ്പെട്ട് പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിനായി പ്ലാൻഫണ്ടിൽ നിന്നും താഴെപ്പറയുന്ന പ്രകാരം തുകകൾ പിൻവലിച്ചിട്ടുണ്ട്.

| പദ്ധതിനം. | പിൻവലിച്ച തുക | ബിൽ നം. | ആവശ്യം |
|---|---|---|---|
| 65/16 | 1025000 | 26/21.3.16 | ആശ്രയ രണ്ടാം ഘട്ടം ഭവനപുനരുദ്ധാരണം |
| 71/16 | 750000 | 27/21.3.16 | ഭവനനിർമാണം (എസ് സി പി) |
| ആകെ | 1775000 | | |

മേൽപ്പറഞ്ഞ തുക കൂടാതെ 2014-15 വർഷത്തിൽ 2308000 രൂപയും പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകകളിൽ നിന്നും 2015-16 വർഷത്തിൽ ഓരോ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് 25000 രൂപയും ഭവന നിർമ്മാണത്തിന് 25000 രൂപയുമുൾപ്പെടെ ആകെ 50000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. നിലവിൽ ആശ്രയ അക്കൗണ്ടിൽ 4083000 രൂപ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷത്തിൽ ഭക്ഷ്യവിതരണ പരിപാടികളൊഴിച്ച് ആശ്രയ ഗുണഭോക്താക്കൾക്കുവേണ്ടി നാമമാത്രമായ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ആശ്രയ ഒന്നാംഘട്ട പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ 31.3.16 തീയതിയിൽ 3782312 രൂപ ബാക്കിയുണ്ട്. ഈ തുക ഏതെല്ലാം പദ്ധതികൾക്കു വേണ്ടി, എവിടെ നിന്ന്, ഏതു വർഷം ലഭ്യമായതായതാണെന്ന് വ്യക്തമാക്കുന്ന ഫണ്ട് രജിസ്റ്റർ നിർവഹണോദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-29 ആശ്രയ - അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്)നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കണം.

ഷൊർണ്ണൂർ നഗരസഭയിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് താഴെപ്പറയും പ്രകാരം പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമുള്ളത് | | ലഭ്യമാക്കിയത് | |
|---|---|---|---|---|---|
| | | 1 -ാം ഘട്ടം | 2-ാം ഘട്ടം | 1-ാം ഘട്ടം | 2-ാം ഘട്ടം |
| 1 | വീട് | 19 | 23 | 4 | 1 |
| 2 | ഭൂമി | 15 | 12 | 12 | 0 |
| 3 | വീട് റിപ്പയർ | 17 | 52 | 6 | 1 |
| 4 | കുടിവെള്ളം | 7 | 26 | 1 | 0 |
| 5 | കക്കൂസ് | 11 | 2 | 0 | 0 |
| 6 | വൈദ്യുതി | 2 | 6 | 1 | 0 |

സ.ഉ (എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളു. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 60 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 147 ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 207 പേരാണ് ലിസ്റ്റിൽ അഗതികളായി ഉള്ളത്. ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പറഞ്ഞ ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളത്. നഗരസഭ ആശ്രയ പദ്ധതിയ്ക്കുള്ള വിഹിതം വകയിരുത്തുന്നുണ്ടെങ്കിലും

ആയത് ഫലപ്രദമായി വിനിയോഗിക്കുന്നില്ല. ഫണ്ട് പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെയ്തിട്ടുള്ളത്. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് തുടർന്നു വരുന്നുണ്ട്. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 3-30 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- രേഖകൾ ഹാജരാക്കിയില്ല

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, ജനന മരണ രജിസ്ട്രേഷൻ വിഭാഗത്തിൽ സൂക്ഷിച്ചിരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകളെല്ലാം 11.05.2016ന് രാത്രി 7 മണിക്ക് ഉണ്ടായ തീ പിടുത്തത്തിൽ കത്തി നശിച്ചതിനാൽ ഹാജരാക്കാൻ സാധിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഷൊർണ്ണൂർ നഗരസഭയുടെ വാർഷികക്കണക്കുകളിൽ നിന്നും ഈ പദ്ധതിയുടെ കൃത്യമായ വരവ് ചെലവ് വിവരം ലഭ്യമാകുന്നുമില്ല.

## 3-31 വാർഷിക കണക്കുകളിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
2. തൊഴിൽ നികുതി (ട്രേഡേഴ്സ്) ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
3. ഡി&ഒ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
4. വിനോദനികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
5. പരസ്യനികുതി, ബസ് സ്റ്റാന്റ് ഫീസ്, കംഫർട്ട് സ്റ്റേഷൻ ഫീസ്, വാടക എന്നിവയുടെ രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.
6. AUEGS – റീകൺസിലേഷൻ നടത്തിയിട്ടില്ല. കൃത്യമായ ചെലവ് കണക്കുകൾ/ രജിസ്റ്ററുകൾ ലഭ്യമായില്ല.

വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് മുൻപായി നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തി സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്. കേരള മുൻസിപ്പാലിറ്റി അക്കൗണ്ടിംഗ് റൂൾസ് 2007 അനുശാസിക്കുംവിധം വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്ത ശേഷം മാത്രം വാർഷിക കണക്കുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിനിയോഗം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റൽ ( 116/16) | 18337/ 17.9.15 | 400000 | - | വിനിയോഗ വിവരം ലഭ്യമല്ല |
| | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (127/16) | 18538/ 17.9.15 | 330610 | | |
| | വൈദ്യുതിവ ലൈൻ ദീർഘിപ്പിക്കൽ (130/16) | 18335/ 17.9.15 | 500000 | | |
| ജലഅതോറിറ്റി | എസ്.സി. കുടിവെള്ള പദ്ധതി (148/16) | 18474/ 29.9.15 | 3000000 | | |
| | പൈപ്പ് ലൈൻ ദീർഘി പ്പിക്കൽ (147/16) | 18743/ 29.9.15 | 300000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം തിരിച്ചടച്ച തുകയുടെയും നീക്കിയിരുപ്പിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | സർക്കാർ ഉത്തരവ് | വർഷാ രംഭത്തിൽ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|

| ഉദ്ദേശ്യം | | തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | | | സ്ഥാനം തിരിച്ച ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| IDSMT | GO(Rt)7335/92 /LAD/28.12.1992 | 119800 | 29950 | 9210+ 2597* | 89850 |
| IDSMT GO(Rt) | GO(Rt)3314/93 /LAD/30.3.1993 | 9900 | 2550 | 784+17* | 7350 |
| EMS loan | | 9600000 | 3702000 | | 5898000 |

* Penal Interest

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംവരവില്ല

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 122269361 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 167160113 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2207 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1894340 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 2207 | ശ്രീ. മധുസൂദനൻ നായർ മുൻസിപ്പൽ എഞ്ചിനീയർ |
| | ആകെ | 2207 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 329766 | ശ്രീ. മധുസൂദനൻ നായർ മുൻസിപ്പൽ എഞ്ചിനീയർ |
| 3-5 | 330000 | ശ്രീ. അബ്ദുൾ നാസർ.സി.കെ പ്രൊജക്റ്റ് ഓഫീസർ<br>ദാരിദ്ര നിർമ്മാർജന വിഭാഗം |
| 3-6 | 214500 | ശ്രീമതി.ശ്രീജ.പി.എം<br>ICDS supervisor |
| 3-16 | 103118 | ശ്രീ.സജി.എൽ.എസ്<br>സെക്രട്ടറി |
| 3-17 | 141000 | “ |
| 3-18 | 45961 | “ |
| 3-19 | 99995 | “ |
| 3-20 | 300000 | “ |
| 3-23 | 330000 | “ |
| total | 1894340 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഒന്നുമില്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഒന്നുമില്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മധുസൂദനൻ നായർ മുൻസിപ്പൽ എഞ്ചിനീയർ | സസ്പെൻഷനിൽ | വൈവിധ്യ<br>TC 33/68(1)<br>വട്ടിയൂർക്കാവ്(PO)<br>തിരുവനന്തപുരം |

| | | |
|---|---|---|
| | | 695013 |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP22/2197/12/6.3.13 | അനന്തരക്കുറിപ്പ് |
| 1997-98 | LFP22/2199/12/6.3.13 | “ |
| 1998-99 | LFP22/1186(1)/13/21.1.15 | “ |
| 1999-2000 | LFP8/219/12/2.6.12 | “ |
| 2000-01 | LFP22/1186(1)/13/21.1.15 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 2001-02 | LFP8/221/12/21.3.12 | ഫർദർ റിമാർക്സ് |
| 2002-03 | LFP8/222/12/29.3.12 | “ |
| 2003-04 | LFP8/223/12/6.2.12 | “ |
| 2004-05 | LFP8/224/12/15.5.12 | “ |
| 2005-06 | LFP22/1242/13/15.5.12 | “ |
| 2006-07 | LFP22/1980/13/6.8.14 | “ |
| 2007-08 | LFP22/1980/13/6.8.14 | “ |
| 2008-09 to 2010-11 | LFP22/765/13/5.12.14 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP22/1334/15/7.11.15 | സർചാർജ്ജ് ശുപാർശ |
| 2012-13 | KSAPKD22/75/14.9.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 2014-15 | KSAPKD22-1164/16 | “ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# Annexure 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി22/156/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്,തീയതി-13.02.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെ 295(4) -ാം വകുപ്പ്, 2007 ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനവൽ, 2007ലെ കേരള മുനിസിപ്പൽ (അക്കൗണ്ട്സ്) റൂൾസ് എന്നിവ പ്രകാരവും, മുനിസിപ്പൽ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഷൊർണ്ണൂർ നഗരസഭ 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ടിലെ 295(4) -ാം വകുപ്പ്, 2007 ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാനവൽ, 2007ലെ കേരള മുനിസിപ്പൽ (അക്കൗണ്ട്സ്) റൂൾസ് എന്നിവ പ്രകാരം തയ്യാറാക്കിയ 2015-16 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
3. തൊഴിൽ നികുതി (ട്രേഡ്സ്) ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
4. ഡി&ഒ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
5. വിനോദനികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
6. പരസ്യനികുതി, ബസ് സ്റ്റാന്റ് ഫീസ്, കംഫർട്ട് സ്റ്റേഷൻ ഫീസ്, വാടക എന്നിവയുടെ രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.
7. AUEGS – റീകൺസിലേഷൻ നടത്തിയിട്ടില്ല. കൃത്യമായ ചെലവ് കണക്കുകൾ/ രജിസ്റ്ററുകൾ ലഭ്യമായില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD22/156/2017

Kerala State Audit Department
District Audit Office
Palakkad
Date – 13.02.2017

## Audit Certificate

Certified that I have examined the Annual Financial Statement of SHORNUR MUNICIPALITY in Palakkad District for the year 2015-16 in accordence with section 4 of the Kerala Local Fund Audit Act 1994, section 295(4) of the Kerala Municipality Act-1994, Kerala Municipal Accounts Manual 2007, Kerala Municipality (Accounts) rules 2007, and the giudlines issued by the Comptroller and Auditor General of India for the Certification of Accounts of Municipal councils.

In my opinion the financial statements of SHORNUR MUNICIPALITY prepared in accordence with Section section 295(4) of the Kerala Municipality Act-1994, Kerala Municipal Accounts Manual 2007, Kerala Municipality (Accounts) rules 2007 for the year 2015-2016, properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Senior Deputy Director

### Abstract of Defects

1. Asset value not updated and linked with Sankhya.
2. Property Tax demand register not completed.Abstract not prepared.
3. Profession Tax demand register not completed.Abstract not prepared.
4. D & O Licence- demand register not completed.Abstract not prepared.
5.Entertainment tax -demand register not completed.Abstract not prepared.
6.Demand & Collection recorded in Demand Registers ofAdvertisement tax, Rent, Busstand fee & comfort station fe does not match with Annual financial Statement.
7. AUEGS- Expenditure details not submitted for verification.Reconciliation not properly done.

Senior Deputy Director